There are one or two minor points, to which the attention of the Government may usefully be drawn for the better preparation of the future budgets. Allotments are made in the P. W. D. budget for works, without specifying the number or the amount of the estimate for various items in the B Schedule of the budget; money has already been spent last year without any estimate for some items, for which further allotments are to be made this year. See, for instance, items 19, 26, 181 and 270 of the B Schedule. This should be avoided at any cost. In many of the Indian States, I understand, there is a heading in the budget for 'Capital' to which all income from capital sources and all surpluses after providing for Treasury purposes are credited. In Cochin, even investments on Harbour Works are treated as cash balance, and money realised by the sale of lands is absorbed by the annual expenditure. It is better to open a new heading for 'Capital' in the budget.

മിസ്റ്റർ കെ. അയ്യപ്പൻ.—സർ, ഈ കൊല്ലത്തെ ആയ വ്യയകണക്കു്, ഇതിനുമുമ്പു് പല മെമ്പർമാരും പറഞ്ഞതു പോലെതന്നെ, ഗവമ്മെണ്ടിനു പ്രശംസാർഹമായിട്ടുള്ളതാണെ ന്നു തോന്നുന്നില്ല. അക്കായ്ത്തിൽ ധനകായ്യമെമ്പറെ കുറ്റം പറയാനുമില്ല. അദ്ദേഹം കൊച്ചിയിൽ ഇതിനു മുമ്പുള്ള ഒരു പതിവനുസരിച്ചു് ഈ കണക്കു് ഹാജരാക്കിയെന്നേ ഉള്ളു. അതിൽ അദ്ദേഹത്തെ കുറ്റപ്പെടുത്തിയിട്ടു കായ്യമില്ല. പക്ഷെ അതുപോരാ; നമുക്കു്, ഇതിലൊക്കെ പുതിയ പുതിയ സമ്പ്രദായങ്ങളും എടുക്കണം; പ്രധാനമായിട്ടുള്ള ഓരോ ഡിപ്പാർട്ട്മെണ്ടിന്റെയും മേധാവികളായിരിക്കുന്നവർക്കു് ഒരുവിധം ഭാവനാശക്തി വേണം; പുതിയ പുതിയ ആശയങ്ങളും ഉണ്ടായിരിക്കണം; പഴയ സമ്പ്രദായങ്ങളെ മുറുകെ പിടിക്കാൻ നോക്കരുതു്; പുതിയ പുതിയ സംഗതികളെ നടപ്പാക്കുവാൻ ഉത്സാഹിക്കണം. അതിനു അതാതു ഡിപ്പാർട്ട്മെണ്ടു മേലദ്ധ്യക്ഷന്മാർക്കു് ആഗ്രഹവും കുറെ ആലോചനയും ഒക്കെ വേണ്ടതാണു്; അവരുടെ ജോലി എങ്ങിനെ എങ്കിലും നടത്തിക്കൂട്ടിയാൽ മതിയെന്ന കരുതിയാൽപോരാ; ജനങ്ങൾക്കുവേണ്ടി രാജ്യഭാരം നടത്തുന്ന എല്ലാ ആളുകൾക്കും ഒരു ചുമതലബോധം വേണ്ടതാണു്; അങ്ങിനെ ചുമതലബോധത്തോടുകൂടിയ ഒരു രാജ്യഭരണം ഇവിടെയുള്ളതായി പറയുവാൻ എനിക്കു ധൈര്യമില്ല. എന്നാൽ അതു ഇപ്പോൾ രാജ്യഭാരംചെയ്യുന്ന ഉദ്യോഗസ്ഥന്മാർ ആരുടെ എങ്കിലും കുറവും കൊണ്ടല്ല. അവർ പണ്ടത്തെ പതിവനുസരിച്ചുള്ള കൃത്യങ്ങൾ വളരെ ചുമതലബോധത്തോടുകൂടി നിർവഹിക്കുന്നതായി തോന്നുന്നു. അക്കായ്ത്തിൽ ആരെങ്കിലും അവരെ കുറ്റം പറയുന്നുവെങ്കിൽ അ

LIBRARY ARCHIVES Kerala Legislative Assembly

വരെ എതിക്കാൻ ഞാൻ തയ്യാറാണു്. എന്നാൽ നമുക്കു് പഴയ പഴയ നയങ്ങളാണോ മതിയെന്നു? ഇന്നത്തെ തുക്കി എന്തു പറയുന്നു? ജപ്പാൻ എന്താണു് നമ്മെ പഠിപ്പിക്കുന്നതു്? അവിടങ്ങളിലെമാതിരി പരിഷ്കാരങ്ങൾക്കുള്ള ആസക്തി നമ്മുടെ ഭരണകർത്താക്കൾക്കും ഉണ്ടാകണം. നമ്മുടെ രാജ്യം വലിയ അഭിവൃദ്ധിയിലാണു് സ്ഥിതി ചെയ്യുന്നതെന്നു കണക്കുകൊണ്ടു കാണിക്കുവാൻ സാധിച്ചേക്കാം. പ്രകൃതി വളരെ അനുഗ്രഹിച്ചിട്ടുള്ളതുകൊണ്ടു ചില അഭിവൃദ്ധികളെല്ലാം ഈ രാജ്യത്തു ഉണ്ടായിരിക്കാം. ഇവിടെയുള്ള ആ വക സൌകര്യങ്ങൾ വച്ചു നോക്കുന്നതായാൽ നമ്മുടെ രാജ്യത്തോളം പിന്നോക്കം നില്ക്കുന്ന ഒരു രാജ്യം ഉണ്ടോ എന്നു സംശയമാണു്. ഓരോ കാര്യത്തിലും നാം പിന്നോക്കമാകുന്നു. ആയവ്യയകണക്കു ഹാജരാക്കുമ്പോൾ ഈ രാജ്യത്തിലെ ആയവ്യയത്തിൽ ഏതെങ്കിലും അനാവശ്യമായ—ജനങ്ങൾക്കു ഭാരമായിതീർന്നിരിക്കുന്ന—നികുതി കുറവു ചെയ്തിരിക്കുന്നു എന്നു കാണിക്കുക; ജനങ്ങളുടെ ഭാരം വർദ്ധിപ്പിക്കാതെ ഏതെങ്കിലും പുതിയ നികുതി ഏർപ്പെടുത്തിയതായിട്ടു കാണിക്കുക; ഇങ്ങിനെയുള്ള യാതൊന്നും ഭാഗ്യവശാലൊ നിർഭാഗ്യവശാലൊ നമ്മുടെ ആയവ്യയകണക്കിൽ ഇല്ല. ചിലവു കുറച്ചും വരവു കൂട്ടിയും മിച്ചം കാണിക്കുന്നതിനുമാത്രമാണു് ഗവർമ്മെണ്ടു ശ്രമിച്ചുവരുന്നതു്. അതു ഒരു മഹാപാതകമാണെന്നാകുന്നു എന്റെ പക്ഷം. എന്തിനുവേണ്ടി ഗവർമ്മെണ്ടു പണം കെട്ടിവെക്കുന്നു എന്തെങ്കിലും നല്ല കാര്യങ്ങൾക്കു അതുവിനയോഗിച്ചുകൂടെ? ഈ വക ഒരു ഉദ്ദേശവും ഗവർമ്മെണ്ടിനില്ല. എന്തെല്ലാം കാര്യങ്ങൾ ചെയ്യുവാനില്ല? വിദ്യാഭ്യാസത്തിൽ എന്തെല്ലാം പരിഷ്കാരങ്ങൾ വരുത്തുവാൻ കിടക്കുന്നു! വില്ലേജുകളിൽ എന്തെല്ലാം പരിഷ്കാരങ്ങൾ വരുത്തുവാനുണ്ടു! ഇതൊന്നും ഗവർമ്മെണ്ടിന്റെ ആലോചനയിലേക്കു കടന്നിട്ടില്ല. പുതിയതായി ഗവർമ്മെണ്ടു യാതൊന്നും ചെയ്യുതായി കാണിക്കുവാൻ ശ്രമിക്കുന്നില്ല. അതിനാൽ പ്രധാനമായി എനിക്കു ആയവ്യയകണക്കിനെ പറ്റി ഇതാണു പറയുവാനുള്ളതു്. വരുന്ന കൊല്ലം മുതലെങ്കിലും "ഇന്ന നികുതി—അനാവശ്യമായ നികുതി—ഞാൻ കുറവു ചെയ്തിരിക്കുന്നു അല്ലെങ്കിൽ പുതിയ വഴിക്കു് ഇന്ന വരവുണ്ടാക്കുവാൻ മാർഗ്ഗം കണ്ടിരിക്കുന്നു" എന്നു പ്രസ്താവിക്കുവാൻ ധനകാര്യമെമ്പറിനു് സാധിക്കുമെന്നുണ്ടെങ്കിൽ എനിക്കും മറെറല്ലാവർക്കും അദ്ദേഹത്തെ പ്രസംശിക്കുവാൻ സാധിക്കും. അദ്ദേഹം ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള കണക്കിനെപറ്റി ശരിയായി ആലോചിക്കുന്നതായാൽ അപ്രകാരം ഒരു പ്രശംസയ്ക്കു വഴിയില്ല.

എന്റെ മുൻ പ്രാസംഗികന്മാരായ എല്ലാ മെമ്പർമാരും പ്രസ്താവിച്ചുമിക്ക സംഗതികളോടും ഞാനും യോജിക്കുന്നു. അവർ പറയാത്ത ഒന്നു രണ്ടു കാര്യങ്ങൾ പറയുവാനാണു് ഞാൻ ഭാ

LIBRARY ARCHIVES Kerala Legislative Assembly

വിക്കുന്നതു്. നമ്മുടെ ഗവമ്മെണ്ടു ജനങ്ങൾക്കുവേണ്ടി ഇവിടെ എന്തുചെയ്യു? എന്തു ചെയ്യുന്നു? ഉദാഹരണമായി പുലയരെ എടുക്കാം. അവരുടെ അഭിവൃദ്ധിക്കു വേണ്ടി ഗവമ്മെണ്ടു എന്തു ചെയ്തിട്ടുണ്ടു? ഇപ്പോൾ അവക്കൊന്നും പറഞ്ഞു് ഒരു പ്രത്യേക ഡിപ്പാർട്ടുമെണ്ടു ഏർപ്പെടുത്തിയിട്ടുണ്ടെന്നു പറയുന്നു. അധഃകൃത സംരക്ഷകൻ വാസ്തവത്തിൽ വളരെ ആത്മാർത്ഥതയോടുകൂടി അവരുടെ ഉന്നതിക്കായി ശ്രമിക്കുന്നുണ്ടു. ഞാൻ ആ കാര്യത്തിൽ ആ ദ്ദേഹത്തെ വളരെ പ്രശംസിക്കുന്നു. ഈ കൊല്ലത്തിൽ ഈ പുതിയ ഡിപ്പാർട്ടുമെണ്ടിനായി ൪൫,൦൦൦ രൂപാ ഉൾപ്പെടുത്തിയിരിക്കുന്നതു് വലിയ കാര്യംപോലെ പറയുവാൻ ഗവർമ്മെണ്ടിനു് നാണം ആവുകയില്ലെ? ലക്ഷം വരവുള്ള ഒരു രാജ്യത്തു് ആ രാജ്യത്തിലെ വലിയ ഒരു ഭാഗംവരുന്ന ജനങ്ങൾക്കു—സകലകാര്യത്തിലും രാജ്യത്തിന്റെ അഭിവൃദ്ധിക്കു് കാരണഭൂതരായിട്ടുള്ള ആളുകൾക്കു്—൪൫,൦൦൦ രൂപാ നീക്കിവെച്ചിട്ടുണ്ടെന്നു് വലിയകാര്യംപോലെ ഒരു പ്രത്യേക ഹെഡിങ്ങു് വച്ചു് പറയുവാൻ കൊച്ചി ഗവമ്മെണ്ടിനു് നാണമാവുകയില്ലെ എന്നാണു് ഞാൻ വീണ്ടും ചോദിക്കുന്നതു്? പ്രത്യേകം നീക്കിവെച്ചിട്ടുള്ള ആ തുകയെത്തന്നെ പരിശോധിക്കുക. ഇതിൽ എത്രധനം ഈ വർഗ്ഗക്കാർക്കുവേണ്ടി യഥാർത്ഥത്തിൽ പുതുതായി ചിലവാക്കുവാൻപോകുന്നു? അവക്കെന്നുള്ള പേരിൽ നടത്തുന്ന സ്കൂളുകളുടെ ചിലവുംമറ്റും ഈവകയിൽ ചേർത്തിട്ടുണ്ടു്. അതു് വിദ്യാഭ്യാസത്തിനുള്ള പൊതുഇനത്തിൽ ചേർക്കേണ്ടതല്ലെ? അവക്കു് ചോറു കൊടുക്കുവാൻ കുറെ പണം വച്ചിട്ടുണ്ടു്; അതു പ്രത്യേകമെന്നു സമ്മതിക്കാം. ഞാൻ ഈ കാര്യത്തിൽ അവക്കുവേണ്ടി അപേക്ഷിക്കുന്നതു് അവരുടെ പ്രതിപ്രസ്ഥങ്ങളെ—മറ്റു സഹോദരസമുദായങ്ങളുമായി പെരുമാറുവാനുള്ള പ്രതിബന്ധങ്ങളെ—അകറ്റി അവക്കും മറുസമുദായങ്ങളോടൊപ്പം വളരുവാനുള്ള അവസരം കൊടുക്കുക എന്നാണു്. അപ്പോൾ പണം ഉണ്ടാക്കുവാൻ അവക്കു് ശക്തി ഉണ്ടായിക്കൊള്ളും. അവക്കു് വളരുവാൻ അവസരം അനുവദിക്കുക. അങ്ങനെ വരുന്ന കാലത്തു് ഈ അൻപത്തയ്യായിരം കൊണ്ടുള്ളതിലും രക്ഷ, അവക്കു് ഉണ്ടാകും. അവരെ അല്പമെങ്കിലും ഉയർത്തുവാൻ ഗവമ്മെണ്ടു വിചാരിക്കുന്നുവെങ്കിൽ ഞാൻ പറയുന്നതിനെ ഗവമ്മെണ്ടു നിഷേധിക്കുകയില്ലെന്നു വിശ്വസിക്കുന്നു. എനിക്കു് ഇപ്പോൾ അവരെ പ്രതി ഗവമ്മെണ്ടിനോടുള്ള ഒരു അപേക്ഷ അവരുടെ രാജ്യത്തു് മറുള്ളവരോടൊപ്പം സ്വൽപ്പദൂരമെങ്കിലും അവക്കും ഉണ്ടെന്നു് മഹാരാജാവുതിരുമനസ്സിനെക്കൊണ്ടു് ഒരു വിളംബരം പ്രഖ്യാപനം ചെയ്യിക്കണമെന്നാണു്. അതുകൊണ്ടു് എന്തു പ്രയോജനമെന്നു് ചോദിച്ചേയ്ക്കാം. വിദ്യാഭ്യാസം അവരുടെ ഇടയിൽ

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായാൽ ഇതൊക്കെ ഉണ്ടാവുകയില്ലെ എന്നു് ചിലർ വിചാരിക്കുന്നുണ്ടാവാം. അതിനൊക്കെ മുമ്പു വേണ്ടതാണു് ഈ വിളംബരം. ഒരൊറ്റ വിളംബരംകൊണ്ടു് വലിയ ഉന്നമനം സാദ്ധിക്കും. ആ സമുദായത്തിലും വലിയ യോഗ്യന്മാരെ ഉണ്ടാക്കുവാനുള്ള ശക്തി കുടിപ്പുണ്ടു്. ഇപ്പോൾ നാം മുകളിൽ നിന്നുകൊണ്ടു് അവരെ വലിച്ചുകൂട്ടുന്നു. ഗവർമ്മെണ്ടും പഴയ പതിവനുസരിച്ചു് അവരുടെ മുകളിൽ നിന്നുകൊണ്ടു് അവക്കു ഉയരുവാനുള്ള അവസരം തടുക്കുന്നു. അവരിൽ അന്തർഭവിച്ചു കിടക്കുന്ന ശക്തിയെ പുറമെ കൊണ്ടുവരുവാൻ അനുവദിക്കുക. അക്കായ്ത്തിൽ ഓരൊ ഉദ്യോഗസ്ഥന്മാരും ദയവുചെയ്തു അവരും മനുഷ്യരാണെന്നു വിചാരിച്ചു് വല്ലതും കാട്ടിക്കൂട്ടാൻ നോക്കാതെ അവരെ യഥാർത്ഥത്തിൽ ഉയർത്തുവാൻ ശ്രമിക്കണമെന്നാണു് അവക്കുവേണ്ടിയുള്ള എന്റെ അപേക്ഷ. അവക്കു് സൈരമായി വളരുവാനുള്ള സൌകര്യമുണ്ടായാൽ ഇന്നത്തെ ഈ അദ്ധ്യക്ഷന്റെ സ്ഥാനത്തു്, വാത്മീകിമുതലായവരെ സൃഷ്ടിക്കുവാൻകഴിഞ്ഞ ആ സമുദായത്തിൽനിന്നു് ഒരാളെ കിട്ടുവാൻ പ്രയാസം ഉണ്ടാവുകയില്ല. അങ്ങിനെ വരുന്നതു് നമുക്കു് എത്രയൊ അഭിമാനകരമാണു്. അതു് ഇതുവരെ ആരുടെയെങ്കിലും തലയിൽ കടന്നിട്ടുണ്ടൊ? എത്രയൊ പ്രസംഗങ്ങൾ ശക്തിയായിട്ടു ഇവിടെ ചെയ്യുന്നു! ആരു ഇക്കായ്ത്തെപ്പറ്റി പറയുന്നു! ഇതെല്ലാം പറഞ്ഞാൽ ഇവിടെ സമുദായ കായ്വും കൊണ്ടുവരുന്നുവെന്നുപറയും. സമുദായകായ്വും ശക്തിയായിരിക്കുന്ന ഒരു രാജ്യത്തു് സമുദായകായ്വും പ്രത്യേകമെടുത്തു പറയുവാൻ അത്യാവശ്യമില്ലാത്ത ഒരു ഘട്ടം വന്നു ചേരുന്നതുവരെ സമുദായകായ്വും ഇവിടെ പറയാതെ നിവർത്തി ഉണ്ടൊ?

ഇനി മറ്റു ചില വിഷയങ്ങളെ എടുക്കാം. നാട്ടിലെ വരവു വർദ്ധിപ്പിക്കുവാൻ ഉതകുന്ന ഒന്നാണു് വ്യവസായം. ചാലക്കുടിയിൽ പോട്ടറീസും ടാനറീസും ഏർപ്പെടുത്തുകയുണ്ടായി. അവയെ ആദായനിലയിൽ കൊണ്ടുവരുവാൻ വല്ലതും മാർഗ്ഗമുണ്ടോ; ഇപ്പോഴുള്ള ഉദ്യോഗസ്ഥന്മാരെക്കൊണ്ടു സാധിക്കുമൊ; അല്ലെങ്കിൽ പുറമെനിന്നും വിദഗ്ധന്മാരെ വരുത്തി ആദായകരമായി നടത്തുവാൻ സാധിക്കുമൊ? എന്നൊന്നും ഗവർമ്മെണ്ടു് ആലോചിച്ചതായി വിചാരിക്കുവാൻ വഴികാണുന്നില്ല. പുറമെനിന്നും ആയാലും വേണ്ടില്ല, വിദഗ്ധന്മാരെ വരുത്തി അതിനെ ആദായകരമാക്കിത്തീർക്കുവാൻ ശ്രമിക്കണം. ഇക്കായ്ത്തിൽ ഗവർമ്മെണ്ടു് ഗുണം ചെയ്യില്ല എന്നുമാത്രമല്ല വലുതായ ദോഷത്തെ വരുത്തിവയ്ക്കുകൂടിചെയ്യുകയിഞ്ഞു. ഈ വക വ്യവസായങ്ങൾ ഏർപ്പെടുത്തുന്നതിൽ ജനങ്ങൾക്കുള്ള അഭിരുചിയെക്കൂടി ഗവർമ്മെണ്ടു് നശിപ്പിച്ചിരിക്കുന്നു. ഗവർമ്മെണ്ടു് വളരെപണം ചിലവാക്കി ഗവർമ്മെണ്ടിന്റെ മേൽനോട്ടത്തിൽ നടത്തിയിരുന്ന ഒരു വ്യവ

LIBRARY ARCHIVES Kerala Legislative Assembly

സായം ഗുണപ്രദമാകാതെ പോയിരിക്കുന്നതായ. അറിയുന്ന ജനങ്ങളുണ്ടോ ഈ വക വ്യവസായങ്ങൾ സ്വയം നടത്തുവാൻ മുതിരുന്നു? ഗവർമ്മെണ്ടിനെക്കൊണ്ടു സാധിക്കാത്തതു് അവരെക്കൊണ്ടു ഏതുവിധം സാധിക്കുമെന്നു് ജനങ്ങൾ ഭയപ്പെടുന്നു. അതിനാൽ ഈരണ്ടു വ്യവസായങ്ങളിലും ഗവർമ്മെണ്ടു് പ്രത്യേക നിഷ്കർഷയോടുകൂടി പ്രവർത്തിച്ചു് അവ ആദായകരങ്ങളായ വ്യവസായങ്ങളാണെന്നു് ജനങ്ങൾക്കു കാണിച്ചുകൊടുക്കേണ്ട വലുതായ ചുമതല ഗവർമ്മെണ്ടിനുണ്ടു്. അതു് ആദായകരമാണെന്നു് ജനങ്ങളെ ബോധപ്പെടുത്തിയതിനുശേഷം ആ ഭാരം ജനങ്ങളെ ഏല്പിക്കുക. അപ്പോൾ എടുത്തുനടത്തുവാൻ ആളുകൾ ഉണ്ടാകും. മൈസൂരിലും മറ്റും ഓരോതരം വ്യവസായങ്ങൾ ഗവർമ്മെണ്ടുതന്നെ ആരംഭിച്ചു് ആദായകരമാണെന്നു ബോധപ്പെട്ടതിന്റെശേഷം ജനങ്ങളെ ഏല്പിച്ചുവരുന്നു. അതുപോലെ നമ്മുടെ ഗവർമ്മെണ്ടും പ്രവർത്തിക്കാതെ പിന്നോക്കം മാറി നില്ക്കുന്നതു് എന്തുകൊണ്ടു്? ഒന്നുകിൽ ഇവ ആദായകരമാണെന്നു കാണിക്കണം. അല്ലെങ്കിൽ ഈ വക വ്യവസായങ്ങൾ, നഷ്ടമാണു്, കൊള്ളുകയില്ല, ജനങ്ങളാരും ഇതിലേക്കു പണംചിലവാക്കരുതു്, എന്നു ഗവർമ്മെണ്ടു് പ്രഖ്യാപനം ചെയ്യണം. അങ്ങിനെചെയ്യാമൊ? പുതിയ വ്യവസായങ്ങൾ ഏറ്റെടുത്തുനടത്തുന്നതിലും അവ ആദായകരമാംവണ്ണം നടത്തുന്നതിലും ഗവർമ്മെണ്ടു് മുൻനിന്നു പ്രവൃത്തിക്കേണ്ടതാണു്. ജനങ്ങൾക്കു ഇക്കാര്യത്തിൽ വലിയ അറിവില്ല; പരിചയം പോരാ. അതിനാൽ ശരിയായ വിദഗ്ധാഭിപ്രായത്തോടുകൂടി പ്രവൃത്തിച്ചു ഇവ ആദായകരമായ വ്യവസായമാണെന്നു കാണിച്ചുകൊടുക്കേണ്ടതു ഗവർമ്മെണ്ടിന്റെ ചുമതല ആകുന്നു.

കൌൺസിലിലെ ചോദ്യോത്തര രീതിയെപ്പറ്റികൂടി സ്വല്പം പറഞ്ഞുകൊള്ളട്ടെ. അക്കാര്യത്തിൽ പ്രസംഗിച്ചു കഴിഞ്ഞ മെംബറന്മാരോടു് ഞാനും പൂർണ്ണമായി യോജിക്കുന്നു. ഉത്തരം പറയുന്നതു ഒളിച്ചും പിടിച്ചും കളിക്കുന്ന രീതിയിൽ പോരാ.

രമ്പളം കുറഞ്ഞ ഉദ്യോഗസ്ഥന്മാരുടെ സംഗതിയെ അധികമായും വേണ്ടപോലെ ഇതെവരെ ശ്രദ്ധിച്ചിട്ടില്ല. കൂടുതൽ രമ്പളം വാങ്ങുന്നവരുടെ രമ്പളം കൂട്ടുവാനാണു് വീണ്ടും ആലോചന നടക്കുന്നതു്. ഇവിടത്തെ ചില ഉദ്യോഗസ്ഥന്മാരുടെ രമ്പളം ജപ്പാനിലെ മന്ത്രിയുടെ രമ്പളത്തോടു താരതമ്യം ചെയ്യുകിലഞ്ഞാൽ വളരെ ആശ്ചര്യംതോന്നും. പല വലിയവലിയ രാജ്യങ്ങളുമായിട്ടു ഇടപെടുനടക്കേണ്ട വലിയ ഒരു മന്ത്രിയുടെ രമ്പളം എത്രയൊ കുറവായിരിക്കുന്നു! ജീവിക്കാൻ അവിടത്തേക്കാൾ ഇവിടെ ചിലവും ചുരുങ്ങും. എന്നിട്ടും ഇവിടത്തെ വലിയ ഉദ്യോഗസ്ഥന്മാർ അവരുടെ രമ്പളം തന്നെവീണ്ടുംകൂട്ടുവാൻ തരംനോക്കുന്നു. എന്തിനു് അവരെമാത്രം കുറച്ചെടുത്തുന്നു? സ്പെഷൽ ഫ

LIBRARY ARCHIVES Kerala Legislative Assembly

നാൻസുകമ്മററിക്കാരും താണജീവനക്കാരുടെ ശമ്പളം കൂട്ടുന്നതിനു് ശ്രദ്ധിച്ചിട്ടില്ല. അതിൽ ഉദ്യോഗസ്ഥന്മാർ മാത്രമല്ലാ ഈ സഭാസാമാജികന്മാരും അംഗങ്ങളായുണ്ടായിരുന്നു. അവരും ഈ നയത്തിനു് അനുകൂലിച്ചതു നന്നായില്ല. ഒരുത്തൻ ഒൻപതു രൂപാ കൊണ്ടു് എങ്ങിനെ ജീവിക്കും? ഈ ഒൻപതു രൂപാകൊടുക്കുന്നതു കൂട്ടികൊള്ളുക, കൈക്കൂലിവാങ്ങികൊള്ളുക, എന്നുകൂടി പറയുന്നതു പോലെയല്ലെ എന്നു ശങ്കിക്കേണ്ടിയിരിക്കുന്നു. ഇതു ഒരു പരിഷ്കൃത ഗവമ്മെണ്ടിനു് അഭിമാനകരമാണൊ? ഒരു രാജ്യത്തിൽ നൂറു രൂപാശമ്പളം ഉള്ള ഒരു ഉദ്യോഗസ്ഥൻ ഉണ്ടായിരുന്നുകൂടാ. നൂറു രൂപാവാങ്ങുന്ന ഒരുവൻ, അവനും ഭാര്യയും, കുട്ടികളും അതുകൊണ്ടുകഴിഞ്ഞു കൂടണമെന്നാണൊ പറയുന്നതു? പിന്നെ രാജ്യഭരണം പ്രജാക്ഷേമത്തിനുവേണ്ടി നടത്തുന്നു എന്നു പറയുന്നതിന്റെ അർത്ഥം എന്താണു്? അതിനാൽ ഗവമ്മെണ്ടു ഇക്കാര്യത്തിൽ വല്ലതും ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ ഈ ഒരു രൂപയിൽ കുറഞ്ഞ ശമ്പളമുള്ളവർ ഈ രാജ്യത്തിൽ ഉണ്ടാകാതിരിക്കുന്നതിനുവേണ്ട ഏർപ്പാടുകൾ ചെയ്യേണ്ടതാകുന്നു. ഈ ഒരു രൂപാകൊണ്ടുതന്നെ ഒരുത്തനു ജീവിക്കുവാൻ സാധിക്കുമൊ? നോക്കുക—അരിവില എന്തുണ്ടു്? മറ്റുസാധനങ്ങൾക്കു വിലകൊടുക്കേണ്ടെ? ഈ ഒരു രൂപാകൊണ്ടുതന്നെ തികയുകയില്ല. വലിയഉദ്യോഗസ്ഥന്മാർ കഴിയുന്നതുപോലെ കഴിയുവാൻ വേണ്ടതുക ശമ്പളമായികൊടുക്കണമെന്നല്ല പറയുന്നതു്. അവർക്കും ജീവിച്ചുകാടുക്കുവാൻ വേണ്ടതുക മാത്രമെങ്കിലും കൊടുക്കണമെന്നാണു് ആവശ്യപ്പെടുന്നതു. ഉദ്യോഗസ്ഥന്മാരിൽ അധികവും താണതരക്കാരാകുന്നു. സ്പെഷൽ ഫിനാൻസുകമ്മററിക്കാർ അവരുടെ കരുണ ഇക്കാര്യത്തിൽ ഉപയോഗിക്കാത്തതു വളരെ പരിതാപകരമായിപ്പോയി. ആകമ്മററിയുടെ റിപ്പോർട്ടു കാണുമ്പോൾ ഗവമ്മെണ്ടിനെ മാത്രം കുറ്റം പറയുന്നതുകൊണ്ടു ഫലമില്ല. ഇന്നു് ഈ ആവലാതിതന്നെ പറയുന്ന ആളുകൾ ഗവമ്മെണ്ടു സ്ഥാനത്തെത്തുമ്പോൾ അവരും അതുപോലെ ചെയ്യുവാൻ ഒട്ടും മടിക്കുന്നവരല്ല എന്നാണു് തോന്നിപ്പോകുന്നതു്. അതുകൊണ്ടു ഗവമ്മെണ്ടിന്റെയും സാമാജികന്മാരുടെയും ദയവു ഈ സാധുക്കളുടെനേരെ ഉണ്ടാകണം. അതിനു വളരെകഷ്ടതകളും പ്രയാസങ്ങളും സഹിച്ചാലും വേണ്ടില്ല. പുതിയ പുതിയസംഗതികളെപററി ആലോചിക്കുകയും തല്ക്കാലഅസൌകര്യങ്ങൾ ഉണ്ടായിരുന്നാലും അതുകളെ സഹിച്ചും മഹത്തരങ്ങളായ കാര്യങ്ങൾചെയ്യുവാൻവേണ്ട ആശയും ആഗ്രഹവും ഗവമ്മെണ്ടിനു് ഉണ്ടാകേണ്ടതുണ്ടു്.

മഹാരാജാവു തിരുമനസ്സിലെ സന്ദേശം നാമെല്ലവരും സഹകരിക്കണമെന്നാണല്ലൊ. തിരുമനസ്സിലെ ആ സന്ദേശം ഹാർദ്ദമായി സ്വീകരിക്കുവാൻ എല്ലാഅനുദ്യോഗസ്ഥമെമ്പർമാരും വളരെ സന്നദ്ധരാണു്. ഗവമ്മെണ്ടു് മെമ്പർമാർക്കുംകൂടി ആ വിചാരം ഉണ്ടായിരിക്കണമെന്നു പറഞ്ഞുംകൊണ്ടു ഞാൻ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ഔസേപ്പ് കണ്ടുകുളം.—ഞാൻ നാളെ ഇംഗ്ലീഷിൽ എഴുതിക്കൊണ്ടുവന്നു വായിക്കാമെന്നു കരുതിയിരുന്ന കൂട്ടത്തിലാണു്. നാളെ കുറച്ചുസമയം മാത്രമെ അനുദ്യോഗസ്ഥ സാമാജികന്മാക്കു് അനുവദിച്ചിട്ടുള്ളു എന്നതുകൊണ്ടും വളരെ ചുരുക്കം ആളുകൾ മാത്രമെ ഇന്നു എഴുന്നേല്ക്കുവാൻഭാവമുള്ളു എന്നതിനാലും എന്റെ പ്രസംഗം ഇന്നുതന്നെ മലയാളത്തിൽ ആകാമെന്നു കരുതുന്നു. സർ, കഴിഞ്ഞ മൂന്നു കൊല്ലമായിട്ടു നടന്നുവരുന്ന നിയമനിർമ്മാണസഭയുടെ പ്രവർത്തിഫലങ്ങളെ പറ്റി അറിവുകിട്ടിയതു് ഇക്കൊല്ലം ആദ്യമായി. ഞാൻ തിരഞ്ഞെടുപ്പിനു് സ്ഥാനാർത്ഥിയായതിൽ പിന്നീടാകുന്നു. ഈ സഭകൊണ്ടു് എന്താണു് ഫലം, എന്താണു് ഗുണം, എന്നായിരുന്നു ജനങ്ങളുടെ ചോദ്യം. ഈ നിലയ്ക്കു് ഈ സഭകൊണ്ടു് യാതൊരുഗുണവും കിട്ടുവാനില്ലെന്നു് എന്റെ നിയോജകമണ്ഡലത്തിലെ സാധാരണ ജനങ്ങൾ പോലും ധരിച്ചുവച്ചിരിക്കുന്നു. ഈ അഭിപ്രായത്തിനു് വല്ല അടിസ്ഥാനവും ഉണ്ടോ എന്നു് ഞാൻ ഇവിടെ വന്നു് അന്വേഷിച്ചതിൽ തിരഞ്ഞെടുക്കപ്പെട്ട മെമ്പർമാരും ഉദ്യോഗസ്ഥപക്ഷവും തമ്മിൽ യാതൊരുചേർച്ചയും മമതയും ഇല്ലാതെ കഴിഞ്ഞുകൂടുകയാണു് ഇവിടെ എന്നു് മനസ്സിലായി. ചോദ്യോത്തരങ്ങൾ ഒട്ടുംതന്നെ നല്ലനിലയിലല്ലാ നടക്കുന്നതു്. ചോദ്യങ്ങൾ ചോദിക്കുന്നതു് ശവമ്മെണ്ടിനെ മുട്ടിക്കാനാണെന്നു് ഉദ്യോഗസ്ഥന്മാർ നടിക്കുന്നു. അതിനു ശരിയായ മറുപടിപറയുന്നതിനു് അവർ വേണ്ട ഉത്സാഹം കാണിക്കുന്നില്ല എന്നാണു് ഇവിടെ കടന്നു കൂടിയിടത്തോളം മനസ്സിലാകുന്നതു്. ഈ ഭാവം ഉദ്യോഗസ്ഥ കക്ഷിയും അനുദ്യോഗസ്ഥ മെമ്പർമാരും മാറ്റിവെച്ചില്ലാതെ ഈ സഭകൊണ്ടു് കൊച്ചി സംസ്ഥാനത്തിനു് വല്ല ഗുണവും ഉണ്ടാകുമോ എന്നു് ഞാൻ ശങ്കിക്കുന്നു. അതുകൊണ്ടു് ഈ സഭയിലെ അനുദ്യോഗസ്ഥമെമ്പർമാരോടും ഉദ്യോഗസ്ഥമെമ്പർമാരോടും എനിക്കുള്ള ഒരു അപേക്ഷ എല്ലാവരും ഒത്തൊരുമിച്ചു നമ്മെ തിരഞ്ഞെടുത്തയച്ചിരിക്കുന്ന ആളുകളുടെ ആവശ്യം അറിഞ്ഞു് പ്രവർത്തിക്കണമെന്നാണു്. ചോദ്യം കൊണ്ടുവരുന്നതു് ജനങ്ങളുടെ അറിവിനാണെന്നു് ശവമ്മെണ്ടു കരുതണം. ശരിയായ ഉത്തരം നല്കുവാൻ ശ്രമിക്കണം. അപ്രകാരം യോജിച്ചു ഹൃദയത്തോടുകൂടി നാം പെരുമാറുവാൻ ഭാവമില്ലെങ്കിൽ ഈ സഭകൊണ്ടു് യാതൊരു ഗുണവും ഉണ്ടാകുവാൻ തരമില്ലെന്നു് ഞാനും വിശ്വസിക്കുന്നു.

ഇനി ബഡ്ജറിനെപ്പറ്റി അല്പം പറയാം. കൊച്ചി സംസ്ഥാനത്തു് കൃഷി ഏറ്റവും നടത്തിത്തുടങ്ങിയിട്ടു് വളരെകാലമായി എന്നു് കേട്ടിട്ടുണ്ടു്. എന്റെ നിയോജകമണ്ഡലം വളരെ കൃ

LIBRARY ARCHIVES Kerala Legislative Assembly

ഷ്ടസ്ഥലങ്ങളുള്ള ഒരു രാജ്യവിഭാഗമാകുന്നു. പ്രത്യേകിച്ചും പുഞ്ചനിലം, വിരിപ്പു്, മുണ്ടകൻ ഇവയാണു് അവിടെ കൃഷിപ്രധാനം. ഇവിടെ ഒരു കൃഷിഡിപ്പാർട്ടുമെണ്ടു തുടങ്ങിയിട്ടു് എന്തു ഗുണമാണു് അതുകൊണ്ടു ഈ രാജ്യവാസികൾക്കു് കിട്ടിയിട്ടുള്ളതെന്നു് ഞാൻ ചോദിക്കുന്നു. ഈ ഡിപ്പാർട്ടുമെണ്ടിന്റെ ശ്രമം വിളവുകൂട്ടിക്കിട്ടുവാൻ ഉപകരിച്ചില്ലെങ്കിൽ എന്തുപ്രയോജനം? ഈ ഡിപ്പാർട്ടുമെണ്ടു തുടങ്ങിയിട്ടു് ഇതേവരെ എന്റെ നിയോജകമണ്ഡലത്തിൽ ഈ വകുപ്പുകൊണ്ടു് എന്തെങ്കിലും ഗുണമുണ്ടായതായി അറിവില്ല. നേരെ മറിച്ചു് കൊല്ലത്തിൽ ൨൦൦൦, ൩൦൦൦ ആയി ലഭിച്ചുവന്ന വിളവു് ഈ ഡിപ്പാർട്ടുമെണ്ടിന്റെ ശ്രമംകൊണ്ടു് കാലക്രമത്തിൽ ൧൯൦൦, ൧൦൦൦ ആയി പരിണമിച്ചിരിക്കുന്നു. ഈ വകുപ്പിനായി അനവധി പണം ചിലവാക്കുന്നുണ്ടെങ്കിലും ഫലം നാശത്തിൽ അല്ലെങ്കിൽ നഷ്ടത്തിൽ ആണു് കലാശിക്കുന്നതു്. എന്തെങ്കിലും ഗുണം ഈ ഡിപ്പാർട്ടുമെണ്ടുകൊണ്ടു് സിദ്ധിക്കണമെന്നുണ്ടെങ്കിൽ അതിൽ ചില അത്യാവശ്യമാറ്റങ്ങൾ വരുത്തേണ്ടിയിരിക്കുന്നു. നാട്ടുപുറങ്ങളിലെ മണ്ണു പരിശോധിച്ചു് അവയുടെ ഘടനകണ്ടുപിടിച്ചു് ആ മണ്ണിനു ചേരുന്ന വളം നിർദ്ദേശിക്കുവാനും ആവക വളം ഉണ്ടാക്കി പ്രചരിപ്പിക്കുവാനും ശ്രമിക്കേണ്ടതു് ഈ വകുപ്പിന്റെ ഉദ്ദേശസിദ്ധിക്കു് ഒഴിച്ചുകൂടാത്തതാണു്. അതിലേയ്ക്കു് ഇൻസ്പെക്ടർമാർ എന്നപറയുന്ന ഒരു കൂട്ടരെ---അവർ ഇക്കായ്മ്മത്തിൽ നല്ല വിദഗ്ധന്മാരായിരിക്കണം---നിയമിച്ചു് അവർ നാടുകൾതോറും സഞ്ചരിച്ചു് മണ്ണിന്റെ ക്രമമനുസരിച്ചു് വളംചേർക്കുവാനും മറ്റും ജനങ്ങളെ ഉപദേശിപ്പിക്കേണ്ടിയിരിക്കുന്നു. അവർ മണ്ണു പരിശോധിക്കുന്നതു കൂടാതെ അതാതു തരം മണ്ണിനൊത്തവളം ഉണ്ടാക്കുവാനും കഴിയുന്നവരാകണം. ഇക്കായ്മ്മങ്ങളിലൊന്നും ഈ വകുപ്പിന്റെ ശ്രദ്ധ ഇതേവരെ പതിഞ്ഞുകണ്ടിട്ടില്ല. അതിനാൽ ഇതിൽ പ്രത്യേകം ദൃഷ്ടിവയ്ക്കണം.

പഞ്ചായത്തുകൾക്കു് ചിലവാക്കുന്ന തുക അധികമായിപോകുന്നുവെന്നു് പറഞ്ഞിട്ടുണ്ടു്. പഞ്ചായത്തുകൾ ന്യായമായിപ്പോലും ആവശ്യപ്പെടുന്ന തുക ഗവർമ്മെണ്ടു് അനുവദിച്ചു് കൊടുക്കുന്നില്ല. പഞ്ചായത്തു കണക്കിൽ ൧൦,൦൦൦ രൂപാ (കൂട്ടുതലായ റോഡുകളുടേയും ചിറകളുടേയും പണികൾ) ഇഞ്ചിനീയർ ഡിപ്പാർട്ടുമെണ്ടിലെ റോഡുവേലകൾക്കായും ഇറിഗേഷൻ വേലകൾക്കായും തിരിച്ചുവെച്ചാൽ൫൦,൦൦൦ രൂപായിൽ കവിഞ്ഞതായ ഒരുതുക ഗവർമ്മെണ്ടിൽനിന്നും യഥാർത്ഥത്തിൽ പഞ്ചായത്തുകൾക്കു് ചിലവു ചെയ്യുന്നതായി കാണുകയില്ലാ എന്നു് ആയവ്യയക്കണക്കു് പരിശോധിച്ചാൽ മനസ്സിലാക്കാം. ഇഞ്ചിനീയർ ഡിപ്പാർട്ടുമെണ്ടുകാർ ചെയ്യുന്ന ചിലവിന്റെ പണം ആ ഡിപ്പാർട്ടുമെണ്ടിൽ തന്നെ ചിലവെഴുതേണ്ടതാകുന്നു. ആവക ജോലികൾ പണ്ടേപ്പോലെ ആവകുപ്പുകാർ തന്നെ

LIBRARY ARCHIVES Kerala Legislative Assembly

നടത്തണം; പഞ്ചായത്തുകളെക്കൊണ്ട് സാധിക്കുകയില്ല. ആവക പണം പഞ്ചായത്തുകളിൽ ചിലവെഴുതി സംഖ്യ അധികമായി കാണിക്കാനും പാടില്ല. പഞ്ചായത്തു് പഞ്ചായത്തു് എന്നു് പറയുന്നതു് നാട്ടിൽ നിന്നും തിരഞ്ഞെടുക്കുന്ന ആളുകളടങ്ങിയ ഒരു ഭരണസമിതിയാണ്. അവക്കു് ഇഞ്ചിനീയർ ഡിപ്പാർട്ട്മെണ്ടുകാരെപ്പോലെ ഈവക ജോലിയിലൊന്നും പരിചയം ഉണ്ടാവുകയില്ല. അവർ മിക്കവാറും നാട്ടുപ്രമാണികളും ആയിരിക്കും. അവക്കു് ഈ ജോലികൾ ചെയ്യിക്കാനൊ മേൽനോട്ടം വഹിക്കുവാനൊ സാധിച്ചുവെന്നും വരികയില്ല. അതിനാൽ ഈ ഡിപ്പാർട്ട്മെണ്ടിനെ സംബന്ധിക്കുന്ന ജോലികളെ ഡിപ്പാർട്ട്മെണ്ടിനെ തിരിച്ചേല്പിക്കണം. അപ്പോൾ പഞ്ചായത്തു ആവശ്യപ്പെടുന്നതും ചിലവാക്കുന്നതുമായ തുക ഏറിപ്പോകുന്നുഎന്ന പരാതിക്കും വഴി ഉണ്ടാകയില്ല; പഞ്ചായത്തിനു ഭാരം കുറഞ്ഞു. ഇഞ്ചിനീയർ വകുപ്പുകൾക്കുള്ള ചിലവിന്റെ തുക കഴിച്ചാൽ പഞ്ചായത്തിനായി ബഡ്ജറ്റ് ചെയ്തിട്ടുള്ള ൧,൫൭,൦൦൦ രൂപയിൽ നൂറ,൦൦൦ രൂപാ മാത്രമെ പഞ്ചായത്തിനായി യഥാർത്ഥത്തിൽ ചിലവു ചെയ്യുന്നുള്ളു എന്നു് കണ്ടുപിടിക്കാവുന്നതാണ്. ഈ മുപ്പത്തിനായിരം രൂപാ ഈ കൊച്ചി രാജ്യത്തുള്ള എല്ലാ പഞ്ചായത്തുകൾക്കും കൂടിയാണെന്നുള്ളതും സ്മരണീയമാകുന്നു. ഇതും ചുരുങ്ങിയ ഒരു തുക മാത്രമെ കൊച്ചിരാജ്യത്തിൽ മുക്കാൽ ഭാഗവും പരന്നകിടക്കുന്നതും അധികം പ്രജകൾ താമസിക്കുന്നതുമായ വില്ലേജുകളിലേക്കു് ചിലവാക്കുന്നുള്ളു എന്നതിനെപ്പറ്റി, പുലയരുടെ ഉന്നതിക്കായി സ്കൂൾ ചിലവുകളും മറ്റു ചിലവുകളും കൂടി ൫൫,൦൦൦ രൂപാ മാത്രം നീക്കി വച്ചിരിക്കുന്നുള്ളു എന്നതു് മറ്റുള്ള നമ്മുടെ അയൽരാജ്യക്കാർ കേൾക്കുന്നതിൽ ഗവർമ്മെണ്ടിനു് നാണമില്ലയൊ എന്നു ചോദിച്ചു മെമ്പറന്മാരോടു യോജിച്ചു് ഞാനും ചോദിക്കേണ്ടിയിരിക്കുന്നു.

ഇനി വിദ്യാഭ്യാസത്തെ പറ്റി ആലോചിക്കാം. നമ്മുടെ പ്രാഥമിക സ്കൂളുകളിൽ നൂറ -൰ ൦-൰ കുട്ടികളെ വച്ചു കൊണ്ടുതൊണ്ടുകളഞ്ഞു പഠിപ്പിക്കുന്ന ഒരു അദ്ധ്യാപകനു് നിശ്ചയിച്ചിരിക്കുന്ന ശമ്പളം ൨൫ രൂപാ മാത്രമാണ്. ഈ ൨൫ രൂപാ ശമ്പളത്തിനു് എത്രമേൽ യോഗ്യതയുള്ളവരെ അദ്ധ്യാപകരായി ലഭിക്കും? എയിഡഡ് സ്കൂളുകളിലാണെങ്കിൽ നൂറ കുട്ടികളിൽ കുറഞ്ഞാൽ ഗ്രാൻറില്ല. നൂറ കുട്ടികളെ ഒരു ക്ലാസിൽ വച്ചു പഠിപ്പിച്ചാലും ഗ്രാൻറ് സ്കൂളുകളിലെ അദ്ധ്യാപകന്മാർക്കു ശമ്പളം പഴയപടി തന്നെ. സർക്കാർ സ്കൂളുകളാണെങ്കിൽ ഉടനെ അവർ അതു രണ്ടുവർഷമായി തിരിക്കും. എന്നാൽ ഗ്രാൻറ് സ്കൂളുകളിൽ അങ്ങിനെ ചെയ്യുവാൻ നിവർത്തിയില്ല. അഥവാ തിരിച്ചുവെന്നു വെച്ചാൽ ഇടക്കു ഒരു കുട്ടി കുറഞ്ഞാലും ഗ്രാൻറ് കുറയും. അതിനാൽ

LIBRARY ARCHIVES Kerala Legislative Assembly

അതിനെ പ്രതീക്ഷിക്കേണ്ടതുണ്ട്. ഒന്നാംക്ലാസിലും രണ്ടാംക്ലാസിലും നൂറു കുട്ടികളെ പഠിപ്പിക്കുക എന്നതു് സാമാന്യം വളരെ വിഷമമേറിയ ഒരു ജോലിയാണു്. കുട്ടികൾ പഠിക്കുന്നതിനു പകരം അദ്ധ്യാപകന്മാരാണു് പഠിക്കുന്നതു്. അവർ ഏതു വിധമെങ്കിലും വിഷമം സഹിച്ചു പഠിപ്പിച്ചാലും ആ കുട്ടികൾ മേൽക്ലാസിൽ ചെല്ലുമ്പോൾ അവർ എത്രത്തോളം യോഗ്യന്മാരായിരിക്കുമെന്നു് ഗവമ്മെണ്ടും മെമ്പർമാരും ആലോചിച്ചുനോക്കുക. നൂറു കുട്ടികളുള്ള ഒരു ക്ലാസിലെ കുട്ടികളെ തന്നെ പരിശോധിച്ചാൽ അതിൽ കൂടിയാൽ എത്രത്തോളം ഗുണകരമാകുമെന്ന അറിയാം. ഒന്നാംക്ലാസിൽ പ്രത്യേകിച്ചും. ഞാൻ ഒരു മലയാളംസ്കൂൾമാനേജർ ആകയാൽ മലയാളം സ്കൂളുകളിലെ ബുദ്ധിമുട്ടുകളെ പറയിയാകുന്നു ഞാൻ പ്രതിപാദിക്കുന്നതു്. ഈ ദയനീയാവസ്ഥ—ഈ സന്ദർഭായം—കൊച്ചി സംസ്ഥാനത്തു നിന്നും തീരെ കളയേണ്ട കാലമായിരിക്കുന്നു. ഗവമ്മെണ്ടു് ഇതിനായി രണ്ടു ലാക്കു് ചിലവു ചെയ്യുന്നുണ്ടെങ്കിൽ രണ്ടു ലാക്കു് കണ്ടിട്ടുമുണ്ടു. പഠിപ്പിച്ചില്ലെങ്കിലും വേണ്ടില്ല; സ്കൂളിൽ കുട്ടികൾ ധാരാളം പോകുന്നുണ്ടെന്നു കണക്കിൽ കണ്ടാൽ മതി എന്നാണു് ഗവമ്മെണ്ടിന്റെ മനസ്ഥിതി എന്നതോന്നിപ്പോകുന്നു. എന്റെ ഉദ്ദേശമാണു് ഞാൻ പറയുന്നതു്. നമ്മുടെ ഗവമ്മെണ്ടിനു സ്കൂളിൽ കൂടുതൽ എണ്ണം കാണണം; സ്കൂളുകളുടെ എണ്ണം കൂട്ടിക്കാണിക്കണം. ചിലവൊ? കുറച്ചു കിട്ടണം. ഇതിനു് ഗവമ്മെണ്ടു കണ്ടുപിടിച്ച ഒരു വിദ്യയാണു് "ഹാഫ്" ടൈം സിസ്റ്റം. ഇതുകൊണ്ടു പഠിപ്പു ശരിയാവുകയില്ല. മാത്രമൊ കുട്ടികൾ സ്കൂളിൽ വരുന്നതിനു പോലും ബുദ്ധിമുട്ടായിത്തീർന്നിരിക്കുന്നു. ഒരു വീട്ടിൽ നിന്നും ജ്യേഷ്ഠാനുജന്മാരായി മൂന്നാലു കുട്ടികൾ സ്കൂളിൽ പോകുന്നുണ്ടായിരിക്കും. ചിലപ്പോൾ കാരണവന്മാർക്കു ഉപദ്രവം ഒഴിയാനും കൂടിയായിരിക്കാം. കുട്ടികളെ പറഞ്ഞയക്കുന്നതു്. അവരിൽ വഴിതെറ്റിപ്പോകുവാൻ സാധിക്കാത്തവരുമായ ചെറുകുഞ്ഞുങ്ങളും ഉണ്ടാകും. രണ്ടും മൂന്നും നാഴികദൂരെയുള്ള സ്കൂളുകളിൽ ഈ ചെറുകുഞ്ഞുങ്ങൾ തനിച്ചു പോകുവാൻ ധൈര്യപ്പെട്ടുമൊ? മാതാപിതാക്കന്മാർ അയയ്ക്കുമൊ? ഈ ഒരു ദോഷം കൂടി ഈ പുതിയ വിദ്യകൊണ്ടു നേരിട്ടിരിക്കുന്നു. ജ്യേഷ്ഠന്മാർ ഒരു സമയത്തും ചെറുകുട്ടികൾ മറ്റൊരു സമയത്തും ആണു് ഹാജരാകേണ്ടതായിരിക്കുന്നതു്. കുട്ടികൾക്കു് കായൽ കടക്കണം; വലിയ പാടങ്ങളിൽ കൂടി സഞ്ചരിക്കണം. ഞാൻ നാട്ടുംപുറങ്ങളിലെ കാര്യമാണു് പറയുന്നതു്. പട്ടണങ്ങളിലാണെങ്കിൽ കുട്ടികൾക്കു് യാത്രാവിഷമം ഉണ്ടായി എന്നു് വരികയില്ല. അവിടെ ഒരു മൈലിനകത്തു തന്നെ സ്കൂളുകൾ പലതും കാണാം. നാട്ടുംപുറങ്ങളിലെ സ്ഥിതി അതല്ല. രണ്ടും മൂന്നും നാഴികെ അകലെയാണു് സ്കൂളുകൾ. അതിനാൽ അവിടത്തെ സ്ഥിതിവ

LIBRARY ARCHIVES Kerala Legislative Assembly

ളരെ കഷ്ടതരമായിട്ടുള്ളതാണ്. ഈ സിസ്റ്റപ്രകാരം പുതിയതായി വരുന്ന കുട്ടികൾക്കു വേണ്ടി പുതിയ ഡിവിഷൻ തുറന്നുകൊണ്ടിരിക്കണം. ഒടുക്കം നോക്കിയാൽ കുട്ടികൾ ഒന്നും കാണുകയുമില്ല. ഗ്രാൻറും കുറഞ്ഞു. അദ്ധ്യാപകന്മാർക്കു ശമ്പളം പകുതിയുമായി. ഇതാണ് ഞാൻ ആദ്യം പറഞ്ഞ രണ്ടു ലാക്ക്. അതായതു ഒന്നു കോംപറ്റീഷൻ ഉണ്ടാക്കണം, പ. ചിലവു ചുരുക്കണം. ഏതായാലും ഉടനെ ഈ പുതിയ ഏർപ്പാടു നിർത്തൽ ചെയ്യേണ്ടതാണെന്നു ഞാൻ ഗവർമ്മെണ്ടിനെ അറിയിക്കുന്നു.

ആശുപത്രിച്ചിലവും കൂടി വരുന്നുവെന്ന ഒരു നിലവിളിയും ഫിനാൻസ് മെമ്പർ പുറപ്പെടുവിക്കുന്നുണ്ട്. അതിനു ഞാനൊരു പരിഹാരമാർഗ്ഗം നിർദ്ദേശിക്കാം. ആശുപത്രികളിൽ പ്രത്യേക സൌകര്യമായി താമസിക്കുവാൻ ഉദ്ദേശിക്കുന്നവർക്കു ഒരു രൂപ മുതൽ രൂപ എന്ന തോതിൽ പ്രത്യേക ഭാഗങ്ങൾ തിരിക്കണം. സാധുക്കൾക്കു വേറെയും. ഉദാഹരണമായി തുറ്റിവലേർ ആശുപത്രിയെ തന്നെ എടുക്കുക. അവിടെ വരുന്ന മുക്കാലെ അരയ്ക്കാൽ രോഗികളും യാതൊരു ഫീസും കൊടുത്തെങ്കിലും പ്രത്യേക മുറികൾ കിട്ടുന്നതിനു് ആഗ്രഹിക്കുന്നവരാണ്. അങ്ങിനെ ചെയ്യുന്ന പക്ഷം മെഡിക്കൽ സംബന്ധമായ യാതൊരു ചിലവും ഗവർമ്മെണ്ട് ചെയ്യേണ്ടി വരികയില്ലെന്നു് തോന്നുന്നു. ആശുപത്രികളിൽ കിടക്കാൻ പ്രത്യേക സൌകര്യം കിട്ടാത്തതു കൊണ്ടു് പടി കെട്ടി ഡാക്ടർമാരേ വീട്ടിൽ കൊണ്ടുപോയി ചികിത്സിക്കുന്നവരും ധാരാളം ഉണ്ടു്. അവർക്കു ആശുപത്രിയിൽ സൌകര്യം കൊടുത്താൽ അവർ അവിടെ വന്നു കിടന്നു ചികിത്സിക്കും. ഗവർമ്മെണ്ടിനു പണവും കിട്ടും. ഇതു ഒരു വക നികുതിയാണെന്നു ചിലർ ശങ്കിച്ചേക്കാം. അല്ലാ; നികുതി കൂട്ടിയാൽ ജനങ്ങൾ ബഹളമുണ്ടാക്കുന്നതു പോലെ ബഹളത്തിനൊന്നും ഇതിലിടമില്ല. കൂടുതൽ നികുതി അവർ വെറുക്കുന്നതും ഇതു അവർ ആഗ്രഹിക്കുന്നതുമാണ്. ജനങ്ങളുടെ ആഗ്രഹത്തിനനുകൂലമായി ഗവർമ്മെണ്ട് പ്രവൃത്തിക്കുവാനൊരുക്കമുണ്ടെങ്കിൽ ഈ വക സംഖ്യകൾ തരാനും അവർ ഒരുക്കമുള്ളവരായിരിക്കും. അങ്ങനെ ചെയ്താൽ ഈ വകുപ്പിനു് ഇതുവലിയ ഒരു തുക ബഡ്ജറ്റിൽചേർക്കേണ്ടി വരികയില്ലെന്നാണ് തോന്നുന്നതു്. നാട്ടുപുറങ്ങളിലെ കഥ നോക്കുന്നതായാൽ മെമ്പർ ഇന്നുകാലത്തു പറഞ്ഞതുപോലെ വൈദ്യൻ നദിയുടെ മറുകരയിൽ വന്നാനില്ലുന്നു, രോഗി മറുകരയിൽ മരിക്കുന്നു, എന്നസമ്പ്രദായം തന്നെയാണ്. അവർക്കു വേണ്ടതുപോലെയും തക്കസമയത്തും വൈദ്യസഹായം ലഭിക്കുവാൻ ബുദ്ധിമുട്ടു നേരിടുന്നു. പഞ്ചായത്തുകളുടെ കീഴിൽ കുറെ ആയുർവ്വേദാശുപത്രികൾ സ്ഥാപിച്ചിട്ടുണ്ട്. അതുകൊണ്ടുവലിയ ഉപകാരമുണ്ടാകുന്നകാര്യം സംശയത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

വൈദ്യശാലകൾകൊണ്ടു് ഇണം അത്രപെട്ടെന്നുകിട്ടുകയില്ല. ഏതായാലും ഏതുവിധത്തിലും നാട്ടുപുറങ്ങളിലെ ജനങ്ങൾക്കും വൈദ്യസഹായം ലഭിക്കുന്നതിനുവേണ്ട നടപടികൾ ഗവൺമെണ്ടു് നടത്തണം.

കള്ളുഷാപ്പുകൾ ലേലംവിളിക്കുന്ന കാര്യത്തിൽ എനിക്കു് ഗവൺമെണ്ടിനോടു് ചോദിക്കുവാനുള്ളതു ഗവൺമെണ്ടു് പ്രജകളുടെ ഇണത്തെകാംക്ഷിക്കുന്നുവൊ പണം ഉണ്ടാക്കുവാൻ ശ്രമിക്കുന്നുവൊ എന്നാണു്. ഷാപ്പുകൾ ലേലം വിളിക്കുന്നതുകൊണ്ടു് അധികലക്ഷം ഉറുപ്പിക ആ ഡിപ്പാർട്ടുമെണ്ടിലേക്കു വരവുണ്ടെന്നതു സമ്മതിക്കാം. എങ്കിലും അതുകൊണ്ടു് വലുതായനാശം കൊച്ചു. സംസ്ഥാനത്തു വന്നുകൂടുന്നു. എന്തുനാശമാണു്? ഓരോ വില്ലേജിലും ഓരോ ഷാപ്പുവീതമുണ്ടു്. മദ്യം ഉപയോഗിക്കുന്നതു അന്നന്നുവേലചെയ്തു കിട്ടുന്ന കൂലികൊണ്ടു ഉപജീവനം കഴിക്കേണ്ട സാധുക്കളാണു്. ഇക്കാര്യത്തിൽ ഗവൺമെണ്ടിനു് പെട്ടെന്നു വലുതായ നിരോധനം ചെയ്യുവാൻ സാധിച്ചില്ലെങ്കിലും വരവില്ലാതാകുമെന്നു് ഭയമുണ്ടെങ്കിൽ രണ്ടു മൂന്നു വില്ലേജുകൾക്കായി മാത്രം ഓരൊ ഷാപ്പുകൾ ഏർപ്പെടുത്തി ഷാപ്പുകളുടെഎണ്ണത്തെ കുറയ്ക്കുകയും ദൂരത്തെ വർദ്ധിപ്പിക്കുകയും ചെയ്യണം. രണ്ടു മൂന്നു വില്ലേജുകൾക്കു ഒരു ഷാപ്പു് എന്നാകുമ്പോൾ മൂന്നുനാലു നാഴിക ദൂരമുണ്ടാകും. ഇതുകൊണ്ടു എന്തുഗുണമുണ്ടെന്നു ചോദിക്കുമായിരിക്കാം. ഇപ്പോൾ സാധുക്കൾക്കു കിട്ടുന്നശമ്പളം മുഴുവനുംകൊണ്ടു അവർ ആദ്യമായി മദ്യഷാപ്പിലേക്കു കടക്കുന്നു. അവിടത്തെ ചിലവുകഴിഞ്ഞു ബാക്കിവല്ലതും ഉണ്ടെങ്കിലെ കുടുംബത്തിൽ എത്തുകയുള്ളു. ഷാപ്പു അകലത്തിലായാൽ നേരെമറിച്ചു ആദ്യംവീട്ടിൽചെന്നു ഒന്നു ആശ്വസിച്ചിട്ടുപോകാമെന്നുകരുതും. ഷാപ്പിൽപോകാതെ ആദ്യംകൂലിയുമായി വീട്ടിൽ എത്തുന്നതുകൊണ്ടു കുടുംബത്തിലെ അത്യാവശ്യചിലവുകൾക്കെങ്കിലും കൊടുത്തതിന്റെ ബാക്കിയെ ഷാപ്പുകളിൽ എത്തുകയുള്ളു എന്നു തീർത്തുപറയാം. ഇപ്പോഴത്തെ നിലക്കു ആദ്യം ഷാപ്പിൽകയറികൊണ്ടു കുടുംബത്തിൽ എത്തുമ്പോൾ ഭക്ഷണത്തിനു വകകൈയിലുണ്ടാവുകയില്ല. അപ്പന്റെ കൂട്ടികൾ വിശന്നവലഞ്ഞു നിലവിളിക്കുന്നുമുണ്ടാകും. ഉടനെ അവരുടെ നിലവിളി നിനക്കു നിത്തിച്ചുടെ എന്നായി ഭാര്യയോടു. ആ സാധു എന്തുചെയ്യും! ഉടനെ അവിടെ അടിപിടിയായി. കശപിശ. വലിയബഹളം. ഇതാണു് കള്ളുവില്പന അടുത്തടുത്തു വച്ചിരിക്കുന്നതുകൊണ്ടു ഇന്നു് സംഭവിക്കുന്നതു്. ഇതിനു് ഒരു പോംവഴി ഓരോവില്ലേജുകൾക്കു ഓരൊ ഷാപ്പുകൾ എന്ന നയംമാറ്റി രണ്ടും മൂന്നും വില്ലേജുകൾക്കായിട്ടു മാത്രമെ ഒരു ഷാപ്പു അനുവദിക്കുകയുള്ളു എന്നനയം സ്വീകരിക്കുകയാണു്. സാധുക്കളുടെ രക്ഷയാണു് ഗവൺമെണ്ടിന്റെരക്ഷ. അതുകൊണ്ടു സാധുക്കളുടെ രക്ഷക്കുള്ള ഈ മാർഗ്ഗത്തെപറ്റി ശരിയായി ആലോചിച്ചു് ഉടനെ വേണ്ടതു പ്രവൃത്തിക്കേണ്ടതാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇനി പത്തുരൂപാകടം കിട്ടുവാനുണ്ടെങ്കിൽ കിട്ടുവാനുള്ള വിഷമംആണ്. ഇന്നത്തെ നിയമംകൊണ്ടും തന്ത്രംകൊണ്ടും നൂറുരൂപാകിട്ടുവാനുണ്ടെങ്കിൽ അതുപോലെ ഒരു നൂറു രൂപാകൂടെ ചിലവാക്കേണ്ടിയിരിക്കുന്നു. നാട്ടുപുറങ്ങളിലാണെങ്കിൽ പ്രമാണി കക്ഷികളെ തമ്മിൽ പറഞ്ഞ യോജിപ്പിച്ചു ഇടപാട തീർക്കുന്നു. ഇപ്പോഠം പഞ്ചായത്തുകളും ഇക്കാര്യത്തിൽ വേണ്ടതുപോലെ പ്രവൃത്തിച്ചു കാണുന്നില്ല. അതിനും വേണ്ട നിഷ്കർഷ ഉണ്ടാകണം.

ഉദ്യോഗസ്ഥന്മാരുടെ കണക്കു സംബന്ധമായുള്ള കാര്യത്തിൽ വലിയ കുഴപ്പങ്ങൾ അനവധിഉള്ളതായി പല പരാതികളും കേൾക്കുന്നുണ്ട്. ഇതു കണക്കുനോക്കുന്നതിലൊ, കണക്കുവയ്ക്കുന്ന രീതിയിലൊ ഉള്ള കുഴപ്പംമൂലം സംഭവിക്കുന്നതാണ്. കണ്ടോളർ ആഫീസ്സിലെ കുഴപ്പങ്ങൾ—തകരാറുകൾ—ആണ് ഇതിന്അധികവുംകാരണം. അവിടെ നല്ലശമ്പളംകൊടുത്തു നല്ല ആളുകളെ നിയമിക്കേണ്ടിയിരിക്കുന്നു. അവിടെ ഇ -ം,ന.-ം ക്ലാസ്സുതോറും കൊണ്ടുവരുന്നവരെ നിയമിച്ചാൽപോരാ. ശമ്പളം കൂടുതൽ കൊടുത്താലും തരക്കേടില്ല. അതിനുസാമർത്ഥ്യമുള്ളവരെമാത്രമെ അവിടെനയമിക്കാവൂ. പക്ഷെ അവിടെ ഈ തകരാറുകൾ കീഴ്നിന്നും മുകളിലോട്ടൊ മുകളിൽനിന്നുകീഴോട്ടൊ ഏതു വിധത്തിലാണ് പകരുന്നതെന്നും മനസ്സിലാകുന്നില്ല. ധനസംബന്ധമായ ഇക്കാര്യത്തിൽ ശവമ്മെണ്ടു നല്ലവണ്ണം ശ്രദ്ധചെലുത്തിയില്ലെങ്കിൽ പരാതികൂടിവരുവാനെ മാർഗ്ഗമുള്ളൂ. ഇവിടെ കൂടക്കൂടെ പണാപഹരണം നടക്കുന്നതായി അന്യനാട്ടുകാർ കേൾക്കാൻ ഇടവരുത്തുന്നതു ആ ആഫീസിനും ശവമ്മെണ്ടിനും രാജ്യത്തിനുതന്നെയും വലിയപോരായ്മയാകുന്നു. അതിനാൽ കണക്കു പരിശോധിക്കുന്നകാര്യത്തിലും കണക്കുവയ്ക്കുന്നതിലും കൂടുതൽ ശ്രദ്ധിക്കണം.

Mr. K. J. Antony.—Sir, I do not mean to indulge in the usual platitudes of congratulating the Finance Member either for the lucid and clear presentation of the forecast for the coming year, or for the surplus budget that has been worked up. We all know that the voice is Jacob's though the hand is Esau's. It is the Departmental Heads, who, in the first instance, frame the budget proposals, and place them before the Government through the Comptroller of Accounts. The budget clerks of the various Departmental Head Offices and the clerks of the various Departments of the Huzur Secretariat plod on, and the Comptroller of Accounts with his staff only collate them, and present them to the House in a consolidated form. The credit, therefore, goes first to those hard-worked clerks. With regard to the merits or demerits of the proposals themselves, the meed of praise or blame must certainly go to the respective Departmental Heads, whose forecasts of operations are epitomised in

LIBRARY ARCHIVES Kerala Legislative Assembly

their respective proposals. Of course, the Diwan, with his Secretary, sees that his Chief Lieutenants have cut the coat according to the cloth.

The forecast of the coming year shows a fall in revenue as compared to the revised estimate of the current year by about six lakhs. Nevertheless, there is an increase of expenditure of about five lakhs over the revised estimate of the current year; yet there is a surplus of Rs. 95,700. I am not at all enamoured of these surpluses. Indeed, we have already a huge hoarded-up surplus practically lying idle. Revenue is not intended for accumulating surpluses. "*Re*" means "back" and "*venio*" means "I come." As the very word 'revenue' connotes, it should come back to the people in other shapes, calculated to better their conditions and enhance their happiness. We have had enough of these processes of accumulating surpluses. Cannot the benign Government find some venues of expenditure, which would be for the good and welfare of the tax-payer? Take, for instance, the Education Department. As a case of false economy, the Department has introduced what is known as the "batch system" in the Primary Department. Nothing can be more pernicious than the little children being let loose to shift for themselves as best as they could, after giving them tuition for a couple of hours or so. Cannot the Department do away with this system? Can it not draw the funds necessary for it from the long hoarded surplus? I trust that, before the budget is finally struck, this comment of mine will be duly considered by the Government.

Again, more liberal grants can reasonably be given to the Village Panchayats, which should be the ultimate units. They desire to be put in efficient working order, and a full-timed officer possessing necessary grit and character should be entrusted with the task.

As a third instance, the allotment under the irrigation, original, under the Public Works Department is only Rs. 1,69,715. No doubt, this includes a lump sum provision of one lakh of rupees for works. There is no knowing what these new works are. In any case, the provision is most inadequate to meet the requirements of the State. I gather from a blue book issued during the time of Diwan Sir T. Vijayaraghavachari that Cochin at present produces paddy sufficient for the consumption of the Cochinites only for five months of the year. Sir, I ask, in all humility, why the Government should not untie their purse, and utilise a part of their idle money for extended operations in paddy cultivation, and thereby free the subjects of the State from the unpleasant necessity of depending upon the

LIBRARY ARCHIVES Kerala Legislative Assembly

markets abroad for their staple food? In this connection, I would remind the House the distress, which the people were put for want of transport conveniences to get down rice and paddy from distant Rangoon and Chittagong during the protracted periods of the late Great World War.

The allotment under "Medical" comes to Rs. 3,33,505 which is about Rs. 20,000 over and above the revised estimate of the current year. There is provision made in the P. W. D. budget for constructing additional buildings for the Medical Department at an aggregate cost of Rs. 1,12,100. The proposals for medical relief in the current year are certainly satisfactory, and I must congratulate the Chief Medical and Sanitary Officer in having succeeded in obtaining the Government sanction for this liberal grant. It is, however, unsatisfactory to note that adequate provision is not made for encouraging indigenous Ayurvedic system of treatment. No doubt a provision of Rs. 10,649 for grant-in-aid Ayurvedic dispensaries has been made in the Panchayat Department budget. As was rightly pointed out by my Hon'ble friend, the Member for Chittur-Tattamangalam, at the Budget Session of Karkadagam 1101, "the fashionable expression of contempt and dislike 'towards the indigenous system of treatment' is practically dying out, and faith and belief in this system are strongly taking root in them. The masses still rely on the indigenous systems". We have it also from the same distinguished medical practitioner, who is a son of the soil to boot, that 90% of the population have recourse to the Ayurvedic system of treatment. The population of the State is approximately 10 lakhs. Sir, with due deference I ask, whether this meagre provision of Rs. 10,649 is sufficient to give medical relief to the suffering humanity among the 9 lakhs of His Highness' loyal subjects? I would impress upon the Government the desirability of raising the allotment under this head to an appreciable degree. One point more I would bring to the notice of the Government in this connection. There is no institution in the State at present, where non-caste boys and girls could receive training in the indegenous system of treatment. The Sanskrit Patasala at Trippunittura is not open to them. I would, therefore, urge the necessity of opening a separate institution for this purpose, or throwing open the Sanskrit Patasala at Trippunittura to all bonafide subjects of His Highness the Maharaja, irrespective of caste, creed, or colour.

Now coming to the Tramway, the receipts under the heading "Traffic carried for the public" by the Tramway come to Rs. 10,000 only as against the revised estimate of Rs. 43,000 of the current year. The fall is indeed tremendous

LIBRARY ARCHIVES Kerala Legislative Assembly

The Finance Member does not give any satisfactory explanation for it. He says that only the normal revenue is anticipated. I wonder what he actually means by this. The accounts of 1102 show that there was a net receipt of Rs. 15,440. How the normal revenue was fixed at Rs. 10,000 is quite unintelligible to me. Can it be that the receipts were put down at a low figure in anticipation of the fruition of the proposal made in certain quarters for abolishing the Tramway altogether? If so, I beg to state that the step is premature. I, for one, would not advocate the abolition of the Tramway, which is a real asset to the State, before the question is thoroughly gone into. I find that the observations, made by the Diwan Peishkar, Rao Sahib Mr. T.V. Kasturi Ranga Ayyar, in his dissenting minute, are quite pertinent and reasonable. It is seen that the last reconnoitring survey of the Cochin Forests was made by Mr. Alwar Chetty, and a block of 128 square miles alone was selected then for tapping purposes. Over 30 years have since elapsed and no fresh survey has been conducted. It is preposterous to say that the Tramway should be abolished forthwith, before making another reconnoitring survey and ascertaining the present possibilities of the Cochin Forests. I may ask, in the very language of Mr. Ayyar, has any reliable estimate of the volume of timber remaining to be extracted been prepared. The present Conservator of Forests must bestir himself, conduct a reconnoitring survey, and furnish as speedily as possible the necessary data to enable the House as well as the Government to come to a conclusion whether, from an economical point of view, the Tramway should be ended or mended.

I shall not detain the House any longer by commenting upon any other point for the present; I should certainly leave them in worthier and more experienced hands. Moreover I shall not be so presumptuous as to think that I am competent to speak about all and sundry. I would, however, close my remarks with a matter, which has been weighing heavily in my heart for some time past. "And still they come?" This is the thought that creeps into my mind off and on. Sir, I shall be more plain and outspoken. As you know, there has been of late considerable fusion of old and alien blood with the new in the pure and healthy service of His Highness our beloved Maharaja. Much was commented upon both in the press and on the platform about this. Yet we had a very recent inoculation of the old blood, and that from outside the State. People seem to run amuck in these matters, and conveniently forget the dictum truly and well laid down, namely, "Cochin for Cochinites".

"Age that lessens the enjoyment of life, increases our desire for living." So says Goldsmith. Perhaps, it is this desire for

LIBRARY ARCHIVES Kerala Legislative Assembly

living, engendered by fast-diminishing enjoyment and fast-failing health, which goads on these superannuated people to sally forth from their well-earned rest and quiet retirement in quest of fresh fields and pastures new. They need not, therefore, be blamed. But both the ruler and the ruled have to see whether we can get adequate return for the payment we have to make to them from the hard-earned money of the tax-payer. There is no use of arguing against nature. Heads of Departments are not mere brain-centres or ornamental figure-heads. They are executive officers, who have to be up and be moving always. It is not enough if they travel on first class tickets in railway trains or enjoy the philosophy of motion in motor cars. I trust that the benign Government will bear this in mind that, at least in making future appointments, they will try to infuse more fresh blood into the service and rehabilitate it; and let not be given any room for complaint that Cochin is bankrupt of the latter.

In conclusion, Sir, let me extend my humble but hearty congratulations for your elevation to the exalted position of the Chief Minister and advisor of our beloved Maharaja. It is not mere camouflage when I say that this well-merited promotion is hailed on all sides as a veritable triumph of truth, justice, and fair-play. May I fervently hope that your regime—the regime of a noble son of the soil—will be eventful and fraught with inestimable blessings to His Highness' loyal and devoted subjects?

President.—Any other Member wishing to speak?

Mr. A. B. Salem.—Non-party people.

Dr. A. G. Menon.—We are waiting for them.

Mr. P. Kumaran Ezhuthassan.—Sir, it is a surplus budget that has been presented to us. But when we go through the main items of receipts on the revenue side, we find, we come across an item of eleven and odd lakhs of rupees, derived from Abkari and Ganja. It need hardly be stated that the excise policy of any progressive Government ought to be total prohibition. And with that end in view, gradual prohibition ought to be practised, and if that is so done, if not the whole item of revenue of this eleven and odd lakhs, at least an appreciable portion of that, will have to be removed from the receipt column of the budget. If this is so removed, as it ought to be, we will be confronted with a deficit budget. This is the real position of affairs, if the proposition that prohibition should be attended—the Government policy—is accepted.

With regard to the Abkari policy again, I urge that, for the purpose of tapping for sweet toddy, the very system of licenses

LIBRARY ARCHIVES Kerala Legislative Assembly

should altogether be done away with. True, the fee on this has been already abolished; but still, considerable difficulties are felt by the people in getting licenses for tapping for sweet toddy. If this is so done, we will be helping a wholesome cottage industry. This will increase the output of jaggery, which will bring about a reduction in the importation of foreign sugar. This will in a way tackle the unemployment problem also, inasmuch as this one industry will give work to a good portion of the people.

Then with regard to the educational policy of the Darbar, in spite of the allotment of about 6 lakhs of rupees made for Primary Education, I would urge for a greater and more liberal grant being made for that Department of Education, as, according to me, the ultimate object of the Darbar ought to be compulsory Primary Education. In this view I would ask for a greater and a more liberal grant to be made, although the present provision can be considered to be almost a tolerably good figure.

Then with regard to the educational system, I fully endorse the views of the Hon'ble Member for Mulakunnattukavu. The pernicious system, I must call it, of introducing the half-time system in schools, is something, which cannot be tolerated any more. Some practical difficulties resulting from that system have already been placed before the House by the Hon'ble Member for Mulakunnattukavu. The case of three or four children coming from the same house, and having to go, two of them in one batch after three hours' instruction, the others remaining in the school, is certainly a thing, which cannot be tolerated in the villages. As he puts it, in town parts there may be facilities for taking these children to school and to take them back. But not so in the villages. The half-time system certainly seems to me to be working without any advantages. Of course there is this advantage, that the salary grant to be made for a teacher is cut short. That is the only advantage. But the corresponding disadvantage is greater, and, therefore, this system should be done away with.

Then again in the lower grades of the service of the Educational Department, we come across with the sorrowful spectacle of teachers drawing smaller salaries than the daffadars of some of the head offices. I find that daffadars of certain head offices do draw, as a matter of fact, Rs. 18, whereas the teacher, who does yeoman service to the country, is given a pittance of Rs. 15.

Then again in the aided schools, existing side by side with Government institutions, there is this patent injustice that is being

LIBRARY ARCHIVES Kerala Legislative Assembly

done, and that is the minimum strength put down at a very high figure, viz., 30. And if there is one pupil less in any particular class, the Department tells us that only half the grant will be allowed. Certainly we cannot expect a teacher to be working on half grant. The grant that the Government gives is Rs. 13-2-0 for the untrained lower primary teachers, and the management is asked to make up the balance of Rs. 1-14-0, and thus give a pittance of Rs. 15. And if there is one boy less in a particular class, the Government gives only halt of this Rs. 13-2-0. Certainly this is a system, which should not be tolerated. While, side by side with the grant-in-aid schools, there may exist a costly Sirkar school, with five or six children and the teacher being given a very high salary—of course as compared with this small figure. I do not say that the pay in the Sirkar schools is anything commendable. He draws, in certain instances, only Rs. 15. That, I urge, should certainly be increased. The least pay of the teacher in the lowest grade should at least be Rs. 20.

There is another unhappy practice that is going on in the Education Department. Of course, that may be due to the large output of graduates from the various Colleges of the State and outside. There are graduates employed in the lower grades of the educational service on Rs. 20. This certainly works as a handicap in the way of under-graduates and even unpassed men already in service. These graduates, who come in for low salaries in the lower grades of service, do stand in the way of promotions to those persons, who are already there. So I would urge that graduates should never be entertained upon such small salaries of Rs. 20 or Rs. 25. Their minimum salary, to start with, should be Rs. 40. Or, if the Department is going to entertain such hands—graduates—in the lower grades of the service, they must be distinctly made to understand that, in the matter of promotions, their higher education cannot stand in the way of promotions to persons, who are already in service. This is certainly an injustice that is being done to persons already in the service. This system should also be done away with.

Then again, in the matter of prescribing text-books for the various schools, especially for the primary schools, I would urge the prescribing of text-books, which will arouse the national spirit in the minds of these children. Not this book or that, which a particular firm or a particular individual may bring forward, but books, which would arouse the national spirit in the children, must be prescribed.

Turning to the Panchayat and Agriculture Departments, when we look into the budget, we find that an allotment is made

LIBRARY ARCHIVES Kerala Legislative Assembly

of over three lakhs of rupees for this Department of Agriculture and Panchayats. That is certainly likely to carry away any man to the conclusion that the allotment is a tolerably good one. But when we take Panchayats separately, we find that there is only just over a lakh of rupees allotted to this Department. And again, out of this one lakh, only Rs. 33,000 and odd is ear-marked for original works, and about Rs.40,000 for water supply, and that for about 86 or 87 Panchayats in the whole State, each Panchayat on an average taking about three villages. So, that works out a figure of about Rs. 300 per village. It is certainly a most inadequate provision for redressing the grievances of these villages.

Then again with regard to the Ayurvedic dispensaries under the Panchayats. There is a small provision made of about ten thousand rupees. That is very inadequate for Ayurvedic dispensaries. In the rural areas especially, it is the indigenous system of treatment that the people have a bigger faith in, and it should be the policy of the Darbar, I would urge, to have at least one dispensary for a group of three or four villages, and also furnish necessary medicine and materials for the proper up-keep of such institutions. If it is not possible all at once to flood the country with Ayurvedic dispensaries, it should be made the policy of the Darbar to open at least a fixed number of dispensaries, every year, in some village or other.

Then with regard to the veterinary hospitals. The number of veterinary hospitals now existing is very few and the existing number is not at all sufficient to meet the requirements of the people. And even in those that exist, the cry is want of medicine. People from a distance of thirteen, fourteen or fifteen miles run up to the dispensary, and they are told there is no medicine here, and in these days of wide-spread and virulent cattle disease such a state of affairs should not be allowed to continue. More veterinary hospitals should be established, and in those that exist, there must be better provision made for medicine.

Then on the co-operative side, I would urge the formation of Agricultural Co-operative Societies, which will have a stock of manure, seed, etc., for the use of the ryots. I would also urge for the formation of land mortgage co-operative banks. It will not always be possible to get a surety for a man to take a loan of a few rupees from a co-operative society. He may be possessed of lands in his own name. The co-operative society must be prepared to take a mortgage of any individual's property and advance money to him, in cases where such a thing is necessary. There is none existing now. That is what I think, and, there-

LIBRARY ARCHIVES Kerala Legislative Assembly

fore, I would urge for the establishment of land mortgage co-operative societies in the Co-operative Department. These are some of the suggestions that I have to make, and I have done.

മിസ്റ്റർ ടി. കെ. നായർ.—ഞാൻ മലവക കായ്ത്തെപ്പറ്റി യാണ് ആദ്യമായി പറയാൻ വിചാരിക്കുന്നത്. എനിക്കുമുമ്പു പ്ര സംഗിച്ച പല മെമ്പറന്മാരും ഇതിനെപ്പറ്റി പറഞ്ഞുകഴിഞ്ഞു. മലവകയിൽ ഒരു പ്രധാന വാദവിഷയമായിരിക്കുന്നത് ടാംവെ യാണ്. ഇതുകൊണ്ടുള്ള വരവുകുറഞ്ഞും ചിലവുകൂടിയും കാൺന്ന താണ് ഈ വാദത്തിനു കാരണം. അതിനാൽ ടാംവെ നഷ്ടമാ ണ്, നിർത്തിക്കളയണം എന്ന ഒരു അഭിപ്രായം കൂടി മെമ്പറന്മാ ക്കു ഉള്ളതായി ഒരു സംശയം ഉണ്ട്. എന്നാൽ ശവമ്മെണ്ടു. ടാം വെ വരവിൽ ചേർക്കേണ്ട കണക്കു മുഴുവനും അതിൽ ചേർത്തുവരുന്നി ല്ലെന്നാണ് എന്റെ അഭിപ്രായം. ഇപ്പോൾ ശവമ്മെണ്ടുവകയല്ലാ തെ പുറമെയുള്ളവരുടെ അതായതു കൺട്രാക്ടർമാരുടെ മരങ്ങൾ കയറ്റിക്കൊണ്ടു പോകുന്നതിലുള്ള വരവുമാത്രമെ ടാംവെ വര വിൽ കാണിച്ചിട്ടുള്ളു. സർക്കാരിൽനിന്നും കയറ്റിക്കൊണ്ടുവരു ന്ന മരങ്ങളുടെ കണക്കും വരവും മലവകയിലാണ ചേർത്തുകാൺന്ന തു്. അതാകുന്നു ഇത്രവലിയ നഷ്ടം കാൺന്നതിനു് പ്രധാനകാ രണം. ടാംവെയെ ഒരു വ്യാപാരനിലയിൽ കണക്കാക്കി യാൽ വരവുകൂടിയും ചിലവു കുറഞ്ഞും ഇരിക്കേണ്ടതാണ്. എ ന്നാൽ ഇതു് ഒരു വ്യാപാരം അല്ലെല്ലൊ. ഇപ്പോഴത്തെ സമ്പ്രദാ യം മാറ്റി മലവക മരങ്ങൾ ടാംമിൽ കയറ്റിക്കൊണ്ടുവരുന്നതിനു ചിലവുള്ള സംഖ്യ മലവകയിൽ ചിലവെഴുതുകയും ടാംവെ ശക യിൽ വരവെഴുതുകയും ചെയ്യേണ്ടതാകുന്നു. (*Hear, hear*) അങ്ങനെ ചെയ്താൽ വരവു കൂടുതലായി കാണിക്കാമെന്നു് എനിക്കു തോന്നുന്നു. അതുകൊണ്ടു് വളരെ പ്രാധാന്യമുള്ള ഈ വണ്ടി പെട്ടെന്നു ഇല്ലാ യ്മചെയ്യണമെന്നു് എനിക്കു അഭിപ്രായമില്ല. സ്വല്പം ചിലവുകൂടി ചെയ്യും കൂടുതൽ മരങ്ങൾ കൊണ്ടുവരുവാൻ സാധിക്കുമെന്നുണ്ടെ ങ്കിൽ നടത്തുന്നതിനു വിരോധമില്ല. അതിനു തീരെ നിവൃത്തി യില്ലെങ്കിൽമാത്രം ഉപേക്ഷിക്കുകയല്ലാതെ ഇതു അധികംസംഖ്യ ചിലവാക്കി ഏറ്റെടുത്തായ ഒരു ഏർപ്പാടു് പെട്ടെന്നു ഉപേക്ഷി ക്കേണമെന്നു് ഞാൻ പറയുകയില്ല.

വൃക്ഷങ്ങളിൽ രാജകീയവൃക്ഷം എന്നു് ഒരിനം പ്ര തേകമായി ഗണിച്ചിട്ടുണ്ട്. കുടിയാനവന്മാക്കു ഇതു ഉപദ്ര വകരമായ ഒരുനിയമമായി തീർന്നിരിക്കുന്നു. കുടിയാന്മാക്കു് അ തു് വച്ചുപിടിപ്പിക്കാൻ പാടില്ല. എന്റെ നിയോജക മണ്ഡല ത്തിൽ അനവധി പറമ്പുകളിൽ ഈ രാജകീയ വൃക്ഷങ്ങൾ ഉണ്ട്. അവ ഉണ്ടായിക്കഴിഞ്ഞാൽ മുറിച്ചുമാറ്റി കൃഷിചെയ്യേണമെന്നു ണ്ടെങ്കിൽതന്നെ വലിയ വിഷമം സഹിക്കേണ്ടിവരുന്നു. അത നാൽ അവയെ വളരാൻ അനുവദിക്കാതെ മുളയിലെ നശിപ്പിച്ചു

LIBRARY ARCHIVES Kerala Legislative Assembly

കളയുകയാണു് ഇപ്പോൾ ചെയ്യുന്നതു്. അവ നല്ലവണ്ണം ഉണ്ടാകാവുന്ന പറമ്പുകൾ വളരെ ഉണ്ടു്. അതിനാൽ അത്തരം വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുവാനുള്ള അധികാരം ജനങ്ങൾക്കു കൊടുക്കണം. അതിനു് ഒരു കുറിക്കാണവും ഏർപ്പെടുത്തുക. ഇപ്പോഴുള്ള നിയമങ്ങൾ നിലവിൽതന്നെ ഇരുന്നുംകൊള്ളട്ടെ. ആ വക വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും കുറിക്കാണം അടച്ചു് മുറിച്ചു നീക്കുന്നതിനും അനുവാദം തന്നാൽ അടുത്തകാലംമുതൽ സർക്കാരിലേക്കു് ആവകയിലുള്ള വരവു് വളരെ വർദ്ധിക്കുമെന്നു് ഞാൻ ധൈര്യപൂർവ്വം പറയാം. എന്റെ ഒരു അഭിപ്രായമല്ല ഇതു്. എന്റെ അനുഭവമാണു്. ഇപ്പോൾ ഒരു വളപ്പിൽ തേക്കുതടി മുളക്കുന്നതായികണ്ടാൽ വെട്ടി നശിപ്പിച്ചുകളയാൻ നോക്കുന്നതല്ലാതെ വളരാൻ ജനങ്ങൾ സമ്മതിക്കുന്നില്ല. വളർന്നാൽ വെട്ടി നീക്കുന്നതിനു് സർക്കാരിലേക്കു് അപേക്ഷ കൊടുക്കണം. അങ്ങിനെ ആയാൽ ആവൃക്ഷങ്ങളുടെ വിലയിൽ ഒരംശം കൂടിയാനവനു കൊടുക്കുമെന്നാണു് നിശ്ചയം. പക്ഷേ ഇതും കൊടുത്തു കാണാറില്ല. വെട്ടി മാറ്റുന്നതിനു് ഗവർമ്മെണ്ടിനോടു അപേക്ഷിച്ചാൽതന്നെ അതു ചെയ്യുന്നതിനു് ഗവർമ്മെണ്ടു് അക്ഷന്തവ്യമായ കാലതാമസം വരുത്തുന്നു. ഇതും ഒരു കൃഷിക്കായ്മയായതുകൊണ്ടാണു് ഈസഭയിൽ ഞാൻ പ്രതിവാദിക്കുന്നതു്. അതിനാൽ അത്തരം വൃക്ഷങ്ങൾ മേലാൽ പറമ്പുകളിൽ കൂടിയാനവന്മാർ വെച്ചുപിടിപ്പിക്കുന്നതിനു് വിരോധമില്ലെന്നും കുറിക്കാണംമാത്രം സർക്കാരിലേക്കു വാങ്ങിയാൽമതിയെന്നും ഒരു പ്രത്യേകനിയമം ഉണ്ടാക്കുകയൊ ഇപ്പോഴുള്ളതിനെ സ്വല്പം ഒന്നു ഭേദപ്പെടുത്തുകയൊ ചെയ്യുന്ന കാര്യത്തിൽ ഗവർമ്മെണ്ടു് പ്രത്യേക ശ്രദ്ധ ഉടനെപതിക്കുന്നതു ഗവർമ്മെണ്ടിനും കൂടിയാനവന്മാർക്കും ഒന്നുപോലെ ഗുണകരമായ ഒരു സംഗതിയാണെന്നു് ഞാൻ ഗവർമ്മെണ്ടിനെ ഉൽബോധിപ്പിക്കുന്നു.

പിന്നെ ഒന്നുകൂടി ഇതിനെപ്പറ്റി തന്നെപറയുവാനുള്ളതു് സാധാരണ പാഴ്മരങ്ങൾക്കായി കുറിക്കാരം കൊടുത്തുവരുന്നതു് വില്ലേജു ഉദ്യോഗസ്ഥന്മാരെ ഏല്പിക്കണമെന്നാണു്. കുറച്ചുകാലംമുമ്പു് ഈ അധികാരം വില്ലേജു ഉദ്യോഗസ്ഥന്മാർക്കു ഉണ്ടായിരുന്നു. അതുപോലെ വീണ്ടും അവർക്കുതന്നെ ആ അധികാരം കൊടുത്താൽ വലിയ ഉപകാരമായിരിക്കും. ഇപ്പോഴത്തെ സ്ഥിതിക്കു് കുറിക്കാരം വാങ്ങുവാൻ തിരുവില്വാമലയിൽനിന്നും തൃശ്ശിവപേരൂർവരേണ്ടതായിരിക്കുന്നു. ഇതു വളരെ കഷ്ടതരമായ ഒരു ഏർപ്പാടാണു്. വെറുതെ കൊടുക്കേണമെന്നല്ല പറയുന്നതു്. ആ കുറിക്കാരം കൊടുക്കുന്നതിനു് വില്ലേജു ഉദ്യോഗസ്ഥന്മാരെ അധികാരപ്പെടുത്തണമെന്നുമാത്രമാണു എന്റെ നിവേദനം.

പോലീസ് ഡിപ്പാർട്ടുമെണ്ടിനെപ്പറ്റി നിരൂപണം ചെയ്യുമ്പോൾ ആ വകുപ്പിൽ ഉള്ള ഒരു വരവിന്റെ കണക്കു് ബഡ്ജറ്റു് പരിശോ

LIBRARY ARCHIVES Kerala Legislative Assembly

ധിച്ചു നോക്കിയതിൽ കാണുന്നില്ല എന്നു പ്രസ്താവിക്കാതിരിക്കാൻ നിവൃത്തിയില്ല. ഇപ്പോൾ കൊച്ചിരാജ്യത്തുഏകദേശം ൫ ൦ ൦ മോട്ടോർ വാഹനങ്ങൾ ഓടുന്നുണ്ട്. ഇതെല്ലാം കൊല്ലംതോറും ബ്രെക്ക് സ്ട്ടിഫിക്കെറ് എടുക്കേണമെന്നും അതിനു് ൨ ൫ രൂപാവീതം ഫീസ കൊടുക്കേണമെന്നും വെച്ചിട്ടുണ്ടു്. ആ പണം സക്കാരിലേയ്ക്കാണൊ വരുന്നതു്? അതല്ലാ, ആ വരവു മറ്റാരെങ്കിലും എടുക്കുകയാണൊ? അതൊന്നു അറിഞ്ഞാൽകൊള്ളാം.

മിസ്റ്റർ എ. കെ. വെങ്കഅയ്യർ:—ആ ഫീസു് ഇപ്പോൾ പോലീസ് കമ്മീഷ്ണരാണു് പിരിവുരുന്നതു്.

മിസ്റ്റർ ടി. കെ. നായർ.—അതാണു് ഞാൻ സങ്കടകരമെന്നു പറയുന്നതു്. ഒന്നുകിൽ സക്കാരിലേക്കു മുതൽകൂട്ടണം. അല്ലെങ്കിൽ സാധുക്കളായ ബസ്സു ഉടമസ്ഥന്മാരുടെ പക്കൽനിന്നും ഈടാക്കരുതു്. അതുരണ്ടുംചെയ്യാതെ അതിനു ഇടയ്ക്കുള്ള ഒരാൾക്കു് കൊടുക്കേണ്ട ആവശ്യം എന്തു്? അതിനു എന്താണു് ന്യായം പറയുവാനുള്ളതു്? ബ്രേക്ക് സ്ട്ടിഫിക്കെറു അധികാരം പോലീസുകമ്മീഷണക്കു കൊടുത്തിരിക്കുന്നതിൽതന്നെ ബസ്സു ഉടമസ്ഥന്മാക്കു് ആവലാതി ഉണ്ടു്. കമ്മീഷണക്കു് വേറെ ജോലിയുള്ളതുകൊണ്ടു് ഇതിനു് സൌകര്യം അധികമില്ല. ബ്രിട്ടീഷിലേയും തിരുവിതാംകൂറിലേയും വണ്ടികൾക്കു് ഇവിടെകൂടി ഓടണമെന്നുണ്ടെങ്കിൽ അതിനും ബ്രേക്ക് സ്ട്ടിഫിക്കെറുവേണം. എല്ലാം കൂടി ഈ വകയിൽ ൫ ൦ ,൦ ൦ ൦ രൂപാ വരവുണ്ടാകും. അതു കമ്മീഷണക്കു് കൊടുക്കേണ്ട കാര്യമൊന്നുമില്ല. അതിനാൽ ൫ ൫ ൦ ർ മുതലെങ്കിലും ഒന്നുകിൽ ഈ പണം ഈടാക്കേണ്ടെന്നു വയ്ക്കണം. അല്ലെങ്കിൽ സക്കാരിലേയ്ക്കു് മുതൽകൂട്ടണം. ഇതിനു് പ്രത്യേകിച്ചു് ഒരു ഉദ്യോഗസ്ഥനെ വെക്കുന്നതു് അധികം നന്നായിരിക്കുമെന്നാണു് എന്റെ അഭിപ്രായം.

ഇനി പഞ്ചായത്തിലേക്കു കടക്കാം. അതിന്റെ മേലധികാരി ഇപ്പോൾ കൃഷിസൂപ്രണ്ടാണു്. അദ്ദേഹത്തിനു് കൃഷിസംബന്ധമായിതന്നെ ജോലി പലതും ഉണ്ടു്. വളരെ കാര്യങ്ങൾ ചെയ്യേണ്ടതായുമിരിക്കുന്നു. ഇതും കൂടെ അദ്ദേഹത്തിന്റെ തുമലയിൽ വച്ചുകെട്ടിയിരിക്കുന്നതു് രണ്ടും ചൊവ്വെ നടക്കാതിരിക്കാൻവേണ്ടിയാണു്. പഞ്ചായത്തിൽതന്നെ പല പരിഷ്കാരങ്ങളും വരുത്തുവാനുണ്ടു്. അതിനാൽ പഞ്ചായത്തും കൃഷിയും വെവ്വേറെ ഉദ്യോഗസ്ഥന്മാരുടെ തുമതലയിൽ ഏല്പിക്കേണ്ടഭാരം ഗവമ്മെണ്ടിനുതന്നെ ഉള്ളതാണു്. പഞ്ചായത്തിൽ ഇപ്പോൾ ഒരുതരം പുതിയ ഏർപ്പാടു നടക്കുന്നുണ്ടു്. അതു് കരാർ കൊടുക്കുന്ന ഏർപ്പാടാണു്. ൫൦ രൂപാക്കു് ഒരു ഇടവഴിയൊ റോഡൊ നന്നാക്കുന്നതിനു് പഞ്ചായത്തുകാർ എസ്റ്റിമേറും തയാറാക്കി അയച്ചാൽ പണംകിട്ടുകയില്ല,

LIBRARY ARCHIVES Kerala Legislative Assembly

ജോലി പകുതി ആക്കിയെങ്കിലെ പണം അനുവദിക്കുന്നുള്ളൂ. പണം മുഴുവൻ എടുത്തു പണി നടത്താൻ എല്ലാ പഞ്ചായത്തുകൾക്കും സാധിച്ചുവെന്നു് വരികയില്ല. അതിനാൽ ഈ വക കാര്യങ്ങൾ പബ്ലിക്കു് വർക്സു് ഡിപ്പാർട്ടുമെണ്ടു് തന്നെ ഏറ്റുനടത്തുകയും പണി പൂർത്തിയായ ശേഷം പഞ്ചായത്തിന്റെ കീഴിൽ വിട്ടുകൊടുക്കുകയും ചെയ്യുന്നതായിരിക്കും ബുദ്ധിമുട്ടുകൂടാതെ കഴിക്കാനുള്ള മാർഗ്ഗം. പഞ്ചായത്തിനു് സംഖ്യ അനുവദിച്ചു കിട്ടുന്നതിലല്ല ഇവിടെപരാതി. സംഖ്യ എത്രയെങ്കിലും ആയിക്കൊള്ളട്ടെ. പണിതുടങ്ങിയതിനു ശേഷമെ സംഖ്യകൊടുക്കുകയുള്ളൂ എന്നതിലാണു് ആവലാതി. സംഖ്യ സർക്കാരിലേക്കു് ലാഭം ഉണ്ടാക്കുന്നതു് നല്ലതുതന്നെ. അതിനു ഉദ്യോഗസ്ഥന്മാർ ശ്രദ്ധിക്കുന്നതും നല്ലതാണു്. പക്ഷെ ഉള്ളതു നേരത്തെ കൊടുക്കണം. ഫ ൦ ൦ രൂപായുടെ ഒരു പണിക്കു് അടങ്കൽ തയ്യാറാക്കി അയച്ചാൽ വ ൦ -൦, ന്ധ ൦ -൦ രൂപായാണു് അനുവദിച്ചുകിട്ടുക. അതിൽ നിന്നു് കരാർകാരനും വല്ലതും ലാഭം കിട്ടാതെ വഴിയുണ്ടൊ? ഇങ്ങനെ പലേ ലാഭിക്കലും കഴിഞ്ഞു് പണിയിൽ ഇറക്കുന്ന സംഖ്യ വളരെ കുറവായിരിക്കും. അതുതന്നെയും പണിതുടങ്ങിയതിനു ശേഷമൊ തീർന്നാലൊ കൊടുക്കുക എന്നുവരുമ്പോൾ നില്ക്കുന്ന പഞ്ചായത്തുകൾക്കു് ഈ ജോലി നിർവ്വഹിക്കുവാൻ സാധിക്കുമൊ? ഇപ്പോൾ മിക്കപഞ്ചായത്തുകളുടേയും പണം ലാപ്സു് ആയിപ്പോകുന്നുണ്ടു്. മുക്കാലെ അരയ്ക്കാൽ പഞ്ചായത്തുകളുടേയും കഥ അതാകുന്നു. ജോലി ചെയ്തതിനുശേഷമെ പണം കൊടുക്കുകയുള്ളൂ എന്ന നിയമം പഞ്ചായത്തുകളുടെ നേക്കും പ്രയോഗിക്കുന്നതു മൂലമാകുന്നു പഞ്ചായത്തുകളുടെ പണിക്കുള്ള ഇത്രയധികം പണം ലാപ്സു് ആയിപ്പോകുന്നതു്. പഞ്ചായത്തുകളെ വേണ്ടപോലെ ഭരിക്കുവാനുള്ള ചുമതല ഗവർമ്മെണ്ടിനുള്ളതാകുന്നു. പഞ്ചായത്തു മീറ്റിംഗുകൾക്കു് എല്ലാ മെമ്പർമാരും ശരിയായി ഹാജരാകേണമെന്നുണ്ടു്. ആ നിലക്കു് ഒരു മെമ്പർ പലപ്രാവശ്യം സന്നിഹിതനായില്ലെങ്കിൽ ആ മെമ്പറിനെ ഒഴിപ്പിച്ചു പകരം ആളെ തിരഞ്ഞെടുക്കേണ്ടതു് പഞ്ചായത്തുകളുടെ ശോഭനമായ നടത്തിപ്പിനു് ഒഴിച്ചുകൂടാത്തതാണു്. എന്റെ നിയോജകമണ്ഡലത്തിൽ നാലു പഞ്ചായത്തുകളുള്ളതിൽ മൂന്നിനും സിവിൽ പൌവർ കൊടുത്തിട്ടുണ്ടു്. ഈ പഞ്ചായത്തുകളിൽ എന്തെങ്കിലും ഒരു കേസുകൊടുത്താൽ അതു് തീരുമാനപ്പെട്ടു കിട്ടുന്നതിനു് ഒരു കൊല്ലമൊ അതിലധികമൊ കാലം വേണ്ടിവരുന്നു. കേസുവിചാരണക്കു ചെന്നാൽ ഒന്നുകിൽ എല്ലാ മെമ്പർമാരും ഉണ്ടാകയില്ല. അല്ലെങ്കിൽ അന്നു് പഞ്ചായത്തു കൂടുകയില്ല. ഇതു് അനുഭവം കൊണ്ടു് പറയുന്നതാണെന്നു് ഗവർമ്മെണ്ടു് മനസ്സിലാക്കണം. അതുകൊണ്ടു് കൂടക്കൂടെ പഞ്ചായത്തുകളുടെ ഭരണത്തെ സൂക്ഷിച്ചുകണ്ടു് എവിടെയാണൊ തെറ്റുകാണുന്നതു് ആ തെറ്റുകളെ ഉടനടി

LIBRARY ARCHIVES Kerala Legislative Assembly

തീത്തു് പഞ്ചായത്തിനു് നേരിട്ടുന്ന ക്ഷീണത്തെ അപ്പപ്പോൾ മാറേണ്ടതാകുന്നു.

കൃഷിവകുപ്പിനെ സംബന്ധിച്ചു് പറയാതിരിക്കുന്നതാണുത്തമം. ചിലവു് കൂടുതലായിട്ടും വരവു് കുറവായിട്ടും ആണു് അതിന്റെ പുരോഗമനം. ഈ ഡിപ്പാർട്ടുമെണ്ടു് സ്ഥാപിച്ച കാലത്തു് ഇവർ എന്റെ നാട്ടിലും വരികയുണ്ടായി. അവിടെ പല പരീക്ഷണങ്ങളും നടത്തിയതിൽ നാട്ടുകാർ ചെയ്യുന്നതിൽ നിന്നും മോശമായ ഫലമാണു് അനുഭവപ്പെട്ടതു. അവിടെ ധാരാളം പണവും ചിലവാക്കി. ഡിപ്പാർട്ടുമെണ്ടുകാക്കു് ഒരു പറ നെല്ലു ചിലവാക്കി ഏറു പറയും, അതുപോലെയൊന്നും ചിലവാക്കാതെ സാധാരണ രീതിയിൽ—പതിവു രീതിയിൽ— കൃഷി ചെയ്യുന്ന നാട്ടുകാക്കു് ഇതിലും എത്രയോ കൂടുതലും ആണു് അന്നു കിട്ടിയതു്. (*Hear, hear.*) ഇങ്ങിനെ കൃഷി ചെയ്തു കാണിച്ചിട്ടു ഒരു ഫലവും ഇല്ല. അതിനു വേണ്ടി ചിലവാക്കുന്ന പണം വൃഥാ പോകുന്നതാണു്. ഇവർ ആദ്യം മണ്ണു തരം തിരിച്ചു അതാതു വിളവിനു യോജിച്ച വളം ഉണ്ടാക്കി കൃഷിചെയ്തു കൂടുതൽ വിളവെടുത്തു ജനങ്ങൾക്കു കാണിച്ചുകൊടുക്കാൻ ബാദ്ധ്യസ്ഥരാണു്. ഏറു പറ നെല്ലു് ചിലവു ചെയ്തു് ഒറു പറ നെല്ലു് കൂടുതൽ വിളവെടുക്കാമെന്നു ഡിപ്പാർട്ടുമെണ്ടു് കാണിച്ചുകൊടുത്തു ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്ന പക്ഷം ജനങ്ങൾ ഗവമ്മെണ്ടിനെ ചിന്തുടരും. അതല്ലാതെ ഒരു രൂപാ ചിലവാക്കി ഏ രൂപാ ആദായം എടുക്കുവാൻ പഠിപ്പിക്കുന്ന കൃഷി ഡിപ്പാർട്ടുമെണ്ടുകാരെ കണ്ടുപിടിക്കുവാൻ ആരാണു് ഉണ്ടാകുന്നതു്? ഈ വിടത്തെ ഉപജീവനമാർഗ്ഗങ്ങളിൽ പ്രധാനമേറിയതു കൃഷിയാകയാൽ ഇക്കാര്യത്തിൽ ഗവമ്മെണ്ടു ഉണർന്നു പ്രവർത്തിക്കേണ്ടതാകുന്നു. മണ്ണിനു യോജിച്ച തരം വളങ്ങൾ കണ്ടുപിടിച്ചു ഉണ്ടാക്കി കൃഷിക്കാക്കു കുറഞ്ഞ വിലക്കു കൊടുത്തല്ലാതെ ഈ ഡിപ്പാർട്ടുമെണ്ടുകൊണ്ടു ഒരു ഗുണവും വരുവാനില്ല.

വിദ്യാഭ്യാസ ഡിപ്പാർട്ടുമെണ്ടിനെ വിമർശിക്കണമെന്നു് വിചാരിക്കുന്നില്ല. എങ്കിലും എയ്ഡഡു് സ്കൂളുകളുടെ കാര്യത്തെപ്പറ്റി ഒന്നു പറയാനുണ്ടു്. ഒരു ക്ലാസ്സിൽ നൂറു കുട്ടികളുണ്ടെങ്കിലെ ഗ്രാന്റു് അനുവദിക്കുകയുള്ളു എന്നുണ്ടു്. ഗ്രാന്റു കൊടുക്കുന്ന കുട്ടികളും മുഴുവൻ, ക്ലാസ്സിൽ ഹാജരാകുന്നുണ്ടോ എന്നും നാട്ടിലുള്ള കുട്ടികളുടെ പേരു തന്നെയാണോ ആ റജിസ്റ്ററിൽ ഉള്ളതെന്നും പ്രത്യേകം അന്വേഷിക്കേണ്ടതായിരിക്കുന്നു. മിക്കവാറും ഹാജർ റജിസ്റ്ററിൽ കാണുന്ന കുട്ടികളും ഒരിക്കലും തന്നെസ്കൂൾ കണ്ടിട്ടില്ലാത്തവരായിരിക്കും. ഗ്രാന്റു കിട്ടാൻവേണ്ടി, എണ്ണം തികക്കുന്ന കുട്ടികൾ ആ നാട്ടിലും അടുത്ത നാട്ടിലും ഉള്ളവരായിരിക്കയില്ല. ചിലപ്പോൾ ജനിച്ചിട്ടും ഉണ്ടായിരിക്കയില്ല. വല്ലപ്പോഴും ഒരിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

ഇൻസ്പെക്ടർ പരിശോധനക്കു ചെല്ലുമെന്നു കേട്ടാൽ അടുത്ത നാട്ടി ലുള്ള കുട്ടികളെ ഒക്കെ പിടിച്ചുകൊണ്ടുവന്നു"—ചിലപ്പോൾ കുട്ടിക ളും മാതാപിതാക്കന്മാരും സമ്മതിച്ചില്ലെങ്കിലും പിടിച്ചുവലിച്ചുകൊ ണ്ടുവരും—ഇരുത്തി ഇൻസ്പെക്ടരെ എണ്ണം ബോധിപ്പിക്കും. ഇതു് അ നുമാനം കൊണ്ടു് പറയുന്നതാണെന്നു് വിചാരിക്കരുതു്. എന്റെ സ്വന്തം അനുഭവമാണു് ഞാൻ ഇവിടെ പറയുന്നതു്. അതുകൊ ണ്ടു് ബഹുമാനപ്പെട്ട എഡ്യൂക്കേഷൻ മെംബർ പ്രത്യേകം ഈകാര്യ ത്തിൽ ശ്രദ്ധിക്കുമെന്നു് വിശ്വസിക്കുന്നു.

പഴയ മെട്രിക്കുലേഷൻ പാസ്സായവർക്കു് ഏഴാംക്ലാസ്സു വരെ പഠിപ്പിക്കാമെന്നു് ലൈസൻസ്സു കൊടുത്തിട്ടുണ്ടു്. അപ്രകാരം ലൈ സൻസ്സു ഉള്ള പല അദ്ധ്യാപകന്മാരും ഫ ഇ -ം, ഫ വ -ം കൊല്ലം സ വ്വീസുള്ളവർ ഇപ്പോഴും മൂന്നാം ക്ലാസിൽ ഇരിക്കുന്നുണ്ടു്. അവരു ടെ പ്രമോഷൻ തടഞ്ഞു വേറെ പുതുതായി ആളുകളെ അവരുടെ തലക്കുമീതെ വലിച്ചുകൊണ്ടുവയ്ക്കുന്ന നയം ആക്ഷേപാർഹമാണു്. സർവ്വീസും ലൈസൻസ്സും ഉള്ളവർക്കു പ്രമോഷൻ കൊടുക്കുകയും, പു തുതായി നിയമിക്കുന്നവരെ അവർ ഏതു പരീക്ഷ പാസ്സായാലും അവരുടെ സ്ഥാനത്തു വയ്ക്കുകയും ചെയ്യേണ്ടതാണു്. അവർക്കു സ മ്പളം കൂട്ടിക്കൊടുക്കാത്തപക്ഷം ഇതെങ്കിലും ചെയ്താൽ കൊള്ളാ മെന്നാണു് ഞാൻ അഭിപ്രായപ്പെട്ടുന്നതു്. അതിനാൽ ഡയറക്ടർ അവർകൾ മേലാലെങ്കിലും പരാതി ഉണ്ടാകാതിരിക്കാൻ ശ്രമിക്കുന്ന തു് ഉത്തമമായിരിക്കും.

മെഡിക്കൽ വകുപ്പുകാർ ചില്ലേജുകളിൽ ഡിസ്പെൻസറികൾ കൂ ടുതലായി സ്ഥാപിക്കുന്നതിൽ ശ്രദ്ധിക്കണം. അങ്ങനെ ശ്രദ്ധിക്കു മ്പോൾ തിരുവില്വാമലയിലും, എളനാട്ടിലും കൂടി ഓരോ ഡി സ്പെൻസറികൾ സ്ഥാപിച്ചു തരണമെന്നു് ഞാൻ അപേക്ഷിക്കുന്നു. എളനാട്ടിൽ ഉള്ള മിക്കജനങ്ങൾക്കും മലമ്പനിബാധിച്ചു് പുരുഷ ന്മാരെല്ലാം ഗർഭംപോലെ വയറും വീർത്തുനടക്കുന്നതു് കാണുമ്പോൾ വളരെ പരിതാപംതോന്നും. കൊല്ലംതോറും അധ്വധി രൂപാ നികു തിയായി ഗവർമ്മെണ്ടിനു തന്നിട്ടു അവർക്കുവേണ്ടി എന്താണു് ഗവർ മ്മെണ്ടു ചെയ്തിട്ടുള്ളതു്? ഇങ്ങനെ എന്തെങ്കിലും ഒന്നു് ചെയ്തതു ന്നാൽ ഞങ്ങൾക്കു് വലുതായ കൃതജ്ഞത ഉണ്ടായിരിക്കുന്നതാണു്. എളനാട്ടിൽ ഒരു ഡിസ്പെൻസറിയെങ്കിലും സ്ഥാപിച്ചുതന്നാൽ വയറുവീർക്കാതെ കഴിക്കാനും അഥവാ വീർത്താലും ശമനം വരുത്തു വാനും നിവൃത്തിയുണ്ടാകും. അതിനാൽ ഇക്കാര്യത്തിൽ ദയവായി ദൃഷ്ടിഉണ്ടാകണമെന്നു് ഞാൻ താഴ്മയായി അപേക്ഷിക്കുന്നു.

ഗവർമ്മെണ്ടു് സാധുജനങ്ങളിൽനിന്നും നികുതിയായി വ സൂലാക്കുന്നപണം മുഴുവനും അവർക്കായി ചിലവാക്കാതെ വല്ലതും ചിലവാക്കിയെന്നുപേരും വരുത്തി മിച്ചംഉണ്ടാക്കി വല്ലവിദേശ ബാങ്കുകളിലും കൊണ്ടുചെന്നു് തക്കതായ പലിശകിട്ടാതെ കൊടു

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്ന നയം തീരെ ഉപേക്ഷിക്കേണ്ടതാണ്". ഇപ്പോൾ ഇമ്പീരിയൽ ബാങ്കിലും നേഷനൽ ബാങ്കിലും ക ഠ ഠ നു് കൊച്ചിയിൽ ഇ -ം ന്ു-ം വീതം പലിശകിട്ടുന്നുണ്ടു. എന്നുകൊണ്ടു കൊച്ചി രാജ്യത്തിലെ ജനങ്ങൾക്കു് ഉപകാരമാകത്തക്കവണ്ണം അവക്കു കൊടുത്തുകൂടാ. ഇവിടത്തെ ജനങ്ങൾ ക ഉ വീതം പലിശകൊടുക്കാൻ തയ്യാറായാലും പണംകിട്ടുന്നില്ല. ഗവർമ്മെണ്ടു് ന്യായമായ ഒരു പലിശമുമത്തി ഇവിടത്തെ കൃഷിക്കാക്കും തൊഴിലുകാക്കും തന്നെ തക്കതായ ഉറപ്പിന്മേൽ മിച്ചംവരുത്തുന്നുണ്ടു പണം പലിശക്കുകൊടുക്കുന്നതായാൽ അതു ജനങ്ങൾക്കു് വളരെ വലുതായ സഹായമാകും. ഗവർമ്മെണ്ടിനു് ഇപ്പോഴത്തേക്കാൾ ആദായവും ഉണ്ടാകും. അതുകൊണ്ടു് നമ്മുടെ രാജ്യക്കാക്കുമാത്രം ഉപകരിക്കത്തക്കതായി ഒരു "സ്റ്റേറ്റ് ബാങ്കു്" ഉടനെ തുടങ്ങേണ്ടതാണെന്നുകൂടി ഞാൻ അഭിപ്രായപ്പെടുന്നു.

മിസ്റ്റർ എം. കെ. രാമൻ.—ഞാനും ഇന്നു സംസാരിക്കാതെ നാളെ ആയിക്കളയാം എന്നു വിചാരിച്ചിരുന്ന കൂട്ടത്തിലാണു്. എന്നാൽ ഇപ്പോൾ വേറെ സാമാജികന്മാരാരും സംസാരിക്കാൻ തുനിഞ്ഞുകാണാത്തതുകൊണ്ടു് ഞാൻ ഇന്നുതന്നെ ആയിക്കളയാമെന്നു് തീച്ചയാക്കിയതാണു്.

നമ്മുടെ ഇക്കൊല്ലത്തെ ആയവ്യയകണക്കിനെപ്പറ്റി വിമർശിക്കുന്നതിനുമുമ്പു് കൊച്ചി ഗവർമ്മെണ്ടു് ഇന്നു് അവശ്യസമുദായമെന്നു വിചാരിക്കപ്പെടുന്നവരോടു പെരുമാറിവരുന്ന രീതിയെപ്പറ്റി രണ്ടു മൂന്നുവാക്കു പ്രസ്താവിക്കേണ്ട ആവശ്യമുണ്ടു്. അതു ഇന്നത്തെ ഈ ആയവ്യയക്കണക്കുമായി വളരെ സംബന്ധംഉള്ളതാണു്. സംബന്ധം ഉണ്ടോഎന്നു ആരെങ്കിലും ശങ്കിക്കുന്നുണ്ടെങ്കിൽ ഉണ്ടെന്നുപറയുവാനും തെളിയിക്കാനും ഞാൻ ഒരുക്കമാകുന്നു്. ൧൦ ലക്ഷം രൂപായോളം ഇവിടെ വരവുള്ളതായികാണാം. ഈ ൧൦ ലക്ഷം രൂപാ കൊച്ചി ഗവർമ്മെണ്ടു് ആരുടെ കൈയിൽനിന്നും പിരിക്കുന്നു എന്നാണാൻ ഗവർമ്മെണ്ടിനോടു ചോദിക്കുന്നു. കൂലിവേലക്കാർ, കൃഷിക്കാർ, തെങ്ങും പനയും കയറുന്ന ഈഴവർ ഇത്യാദിയായ സാധുക്കളുടെ കൈയിൽനിന്നാണു് എന്നതിനു് എന്തു സംശയം? അതു തന്നെ ആയിരിക്കും ഗവർമ്മെണ്ടിനേറയും മറുപടി. (*Hear, hear.*) ഭൂനികുതി ഇനത്തിൽ ക ൦ ലക്ഷം രൂപാവരുണ്ടു്. അതുപോലെ തന്നെ അതിലും കുറച്ചുകൂടി കൂടുതലായ ഒരു സംഖ്യ എക്സൈസ് സിസ്റ്റമെണ്ടുകൊണ്ടും ഗവർമ്മെണ്ടിനു് ആദായമുള്ളതായി കണക്കുകൊണ്ടുകാണാം. ഇത്രവളരെ സംഖ്യ പിരിക്കുന്നതു സാധുക്കളായുള്ള ആളുകളുടെ കൈയിൽ നിന്നുമാണു്. കൃഷിചെയ്യുന്ന ഭൂമികളിൽ മിക്കതും താഴ്ന്നപ്പെട്ടവരെന്നു ഗവർമ്മെണ്ടു വിചാരിക്കുന്നവരുടെ കയ്യിലാണിരിക്കുന്നതു. അവരാണു് കൃഷിചെയ്യുന്നതും. അതുകൊണ്ടു അവരാണു് അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

നികുതികൊടുക്കുന്നതും. ഇവരോടു കൊച്ചിഗവർമ്മെണ്ടു ഏതുവിധം പെരുമാറിവരുന്നുവെന്നു് ആലോചിക്കുന്നതിനാകുന്നു ഞാനിപ്പോൾ ഉദ്ദേശിക്കുന്നതു്. ഈ കൌൺസിലിൽ കഴിഞ്ഞതവണ ഞാൻ ചോദിച്ചു ഒരുചോദ്യത്തിനു് മറുപടിയായിതന്നിട്ടുള്ള ഉത്തരം എനിക്കു ഇപ്പോഴുംഓർമ്മ ഉണ്ടു. പൊതുറോഡിൽകൂടി ഈഴവർ പുലയർ മുതലായവർ സഞ്ചരിക്കുന്നതിനെ ഉത്സവകാലങ്ങളിൽ നിരോധിച്ചിട്ടുണ്ടൊ എന്ന ഒരു ചോദ്യത്തിനു് അവർ അപ്രകാരം നടക്കാതിരിക്കുവാൻ പോലീസ് ഉദ്യോഗസ്ഥന്മാരെ അധികാരപ്പെടുത്തിയിട്ടുണ്ടെന്നു ലജ്ജകൂടാതെ ഗവർമ്മെണ്ടു മറുപടിപറഞ്ഞു. ഞാൻ പറയുന്നു, ഇങ്ങിനെ ഒരു മറുപടി ഇക്കാലത്തു ഒരു പരിഷ്കൃത ഗവർമ്മെണ്ടിനു് ഏറ്റവും അപമാനകരമായിട്ടുള്ളതാണെന്നു്. ഈ രാജ്യത്തിനു് ആകപ്പാടെ അപമാനകരം. ഈ രാജ്യത്തുള്ള ജനങ്ങൾക്കും ഗവർമ്മെണ്ടിനും അപമാനകരം. ഈ രാജ്യത്തു വലിയ ആളുകളെന്നു കരുതുന്നവർക്കും അപമാനകരമാണു്. ഭ്രഷ്ടിപക്ഷംവരുന്ന ആളുകളോടു റോഡിൽകൂടി നടക്കാൻ പാടില്ലെന്നും നടന്നാൽ പോലീസുകാരെവിട്ടു അവരെ അടിച്ചുഓടിക്കുമെന്നും പറയുന്ന ഒരു ഗവർമ്മെണ്ടു ഇവിടെ ഉണ്ടെന്നു മറുള്ളവർ അറിയുന്നതു നമ്മുടെനല്ലപേരിനും ബഹുമതിക്കും ഹാനികരമാണു്. ധാരാളം പണംവേലചെയ്തുകൊടുത്തു ഗവർമ്മെണ്ടിനെ സഹായിക്കുന്ന സാധുക്കളോടു ഗവർമ്മെണ്ടു് എത്രനിഷ്ഠയമായിട്ടാണു് പെരുമാറുന്നതെന്നു നോക്കുക!

കുറെമാസങ്ങൾക്കുമുമ്പു ഞങ്ങൾ കൊച്ചി ഗവർമ്മെണ്ടിനോടു് ഒരു ചെറിയകാര്യം അപേക്ഷിക്കുകയുണ്ടായി. കൊട്ടങ്ങല്ലൂർ ഭരണി പ്രമാണിച്ചു അവിടെ ആഭാസമായി പാടിവരുന്ന പാട്ടും അവിടെ അക്കാലത്തു പുതുതായി തുറക്കുന്ന കള്ളുഷാപ്പും ചാരായഷാപ്പും കോഴിവെട്ടും നിർത്തലാക്കണമെന്നായിരുന്നു ആ അപേക്ഷ. അയൽരാജ്യമായ തിരുവിതാംകൂറിൽ ഈയടെയുണ്ടായ ഒരു വിളംബരത്തെകൂടി ചൂണ്ടികാണിച്ചിട്ടുമുണ്ടായിരുന്നു. പൊതുവായ സ്ഥലങ്ങളിൽകൂടി ആളുകൾ നടക്കുന്ന അവസരത്തിൽ ആഭാസമയമായ പാട്ടുപാടരുതെന്നും കള്ളുഷാപ്പും ചാരായഷാപ്പും പുതുതായിതുറന്നു ജനങ്ങളെ മദോന്മത്തന്മാരാക്കരുതെന്നും ആയിരുന്നു ഞങ്ങളുടെ അപേക്ഷ; ഏറ്റവും മിതമായ ഒരു അപേക്ഷ. ഈഇരുപതാംനൂറ്റാണ്ടിൽ ആഭാസകരമായപാട്ടുകൾപാടുന്നതിനു ഗവർമ്മെണ്ടുകൂടി അനുവദിച്ചിരിക്കുന്നതു കൊച്ചി ഗവർമ്മെണ്ടിനു ഏറ്റവും അപമാനകരമായിട്ടുള്ളതാണു്. ആഭാസകരമായ പാട്ടു് പാടരുതെന്നും കള്ളുഷാപ്പും ചാരായഷാപ്പും പുതുതായുണ്ടാക്കി ജനങ്ങളെ കള്ളുകുടിപ്പിക്കരുതെന്നും മാത്രമുള്ള ആ ചെറിയ അപേ

LIBRARY ARCHIVES Kerala Legislative Assembly

ക്ഷകൂടി പരിഷ്കൃത ഗവർമ്മെണ്ടു എന്നു നടിക്കുന്ന നമ്മുടെ ഗവർമ്മെണ്ടു അനുവദിച്ചില്ല. ഉത്സവ കാലങ്ങളിലും മറും പ്രത്യേകിച്ചും പുതിയ കള്ളു ഷാപ്പുകളും ചാരായ ഷാപ്പുകളും അനുവദിക്കരുതെന്നു ഈ കൌണ്സിലിൽതന്നെ വളരെ ബലമായ വാദപ്രതിവാദങ്ങൾനടന്നിട്ടുണ്ടു. അതു എക്സൈസ്സ് സൂപ്രണ്ടിനു് നല്ലവണ്ണം അറിയുകയും ചെയ്യാം. എങ്കിലും മുമ്പു് അവിടെ ഗാലൻ കണക്കിനു് വിറ്റിരുന്നതു ഇപ്പോൾ വീപ്പ കണക്കിനു് വിറ്റതായി പറയേണ്ടിവന്നതിൽ എനിക്കു വലിയ വ്യസനമുണ്ടു. കൊച്ചി ഗവർമ്മെണ്ടു നല്ലതായ ആദർശങ്ങളെ സ്വീകരിച്ചു മുന്നോട്ടു പോകുന്നതിനു് യാതൊരു സന്നദ്ധതയും പ്രദർശിപ്പിക്കുന്നില്ല എന്നുമാത്രമല്ല പിന്നോക്കം പോകുന്നതിനു് ശ്രമിക്കുന്നില്ലെ എന്നു കൂടി ഇതു വിധ പ്രവൃത്തികൾകാണുമ്പോൾ തോന്നിക്കേണ്ടിയിരിക്കുന്നു. പുതിയ കാര്യങ്ങളെ ഗവർമ്മെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടു വരുമ്പോൾ ഞങ്ങൾക്കു വിരോധമില്ല; നാട്ടുകാർ ക്ഷോഭമുണ്ടാക്കും; എന്നാണു് ഗവർമ്മെണ്ടു പറയുന്ന മറുപടി. ഇതു യാതൊരു അർത്ഥവും ഇല്ലാത്തതാണെന്നു ഞാൻ ദൃഷ്ടാന്തത്തോടുകൂടി കാണിക്കാം. ഈ സഭ ഏറ്റവും ഭൂരിപക്ഷത്തോടുകൂടി ഒരു നിശ്ചയം പാസ്സാക്കി എറണാകുളത്തു കോളേജിനടുത്തു് സ്ഥാപിച്ചിരിക്കുന്ന വിദ്യാർത്ഥികളുടെ ഹോസ്റ്റൽ എല്ലാ ജാതിക്കാർക്കും യാതൊരു വ്യത്യാസവും—മത വ്യത്യാസവും ജാതി വ്യത്യാസവും—കൂടാതെ ഒരുപോലെ താമസിക്കുന്നതിനു് അനുവാദം കൊടുക്കണമെന്നായിരുന്നു അതു്. ഇതു ഏറ്റവും മിതമായിട്ടുള്ള ഒരു അപേക്ഷയാണു്. യാതൊരു അഭിപ്രായ ഭേദവും കൂടാതെ ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട ഈ സഭയെ അലങ്കരിച്ചിരിക്കുന്ന മെമ്പർമാർ എല്ലാവരും കൂടി വളരെ ഭൂരിപക്ഷത്തോടുകൂടി ഈ നിശ്ചയം പാസ്സാക്കി കൊച്ചി ഗവർമ്മെണ്ടിലേക്കയച്ചു. കുട്ടികൾക്കു ഒരുമിച്ചു താമസിക്കുന്നതിനു അനുവാദം കൊടുക്കണമെന്നു മാത്രമായിരുന്ന ആ പ്രമേയം. ഒരുമിച്ചു ഭക്ഷണം കഴിക്കാനും മറും രണ്ടുയുള്ളവർക്കു പ്രത്യേകം ഭക്ഷണം തയാർചെയ്യാനുംപ്രത്യേകംകഴിപ്പാനുംകൂടെയുള്ള സൌകര്യംഅതിൽ നിർദ്ദേശിച്ചിട്ടുണ്ടായിരുന്നു. ഇതിൽ നിന്നു ആ പ്രമേയം കുട്ടികളെ ഒരുമിച്ചു താമസിക്കുന്നതിനു അനുവദിക്കുക എന്നു മാത്രമുള്ള ഏറ്റവുംപരിമിതമായ ഒരു നിർദ്ദേശമാണെന്നു ഗ്രഹിക്കാം എന്നിട്ടും ഗവർമ്മെണ്ടു എന്തു ചെയ്തു? പരീക്ഷാർത്ഥം എന്നു പേരും പറഞ്ഞു കുന്നംകുളത്തു് ഏർപ്പെടുത്തി നോക്കി പോലും. ആ പരീക്ഷയുടെ ഫലമെന്താണെന്നു ഇതേവരെ ആരെങ്കിലും അറിഞ്ഞിട്ടുണ്ടോ? ഇതു കൊണ്ടൊക്കെ ഞാൻ മനസ്സിലാക്കുന്നതു നമ്മുടെ ഗവർമ്മെൻറിനു പുതിയ ആദർശങ്ങളെ സ്വീകരിച്ചു് പുരോഗമനം ചെയ്യുന്നതിനു ഒട്ടും മനസ്സില്ല എന്നാണു്. അല്ലെങ്കിൽ ജനപ്രതിനിധികളുടെ

LIBRARY ARCHIVES Kerala Legislative Assembly

ഏറ്റവും മിതമായ ഈ അപേക്ഷയെ ഇത്ര നിഷേധിക്കുമായിരുന്നുവൊ? നാം വിദ്യാർത്ഥികളോടു തന്നെ ചോദിച്ചാൽ ഒരുമിച്ചു താമസിക്കുന്നതിനു ഒരു വൈമനസ്യവും അവർക്കുണ്ടാകയില്ല.

ഇനി ഒരു സംഗതി കൂടി എനിക്കു ഗവൺമെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവരാനുണ്ടു. സാധാരണ ഈ സഭയിൽ ഗവൺമെൻറിന്റെ ഭാഗത്തു നിന്നും പലപ്പോഴും പറഞ്ഞുവരുന്ന ഒരു അഭിപ്രായം എന്റെ ഓർമ്മയിൽ എത്തുന്നു. ഭൂമി ഇല്ലാത്തവരും സാധുക്കളുമായുള്ളവർക്കു സഹായസഹകരണം ചെയ്യുന്നതിനു ഞങ്ങൾ എപ്പോഴും തയ്യാറാണെന്നാകുന്നു അതു്. ഇതു നല്ലതു തന്നെ. സാധുക്കളോടുള്ള അനുകമ്പ കൊണ്ടാണു് ഇതു പൊട്ടിപ്പുറപ്പെടുന്നതു എന്നു വിചാരിക്കുക. എന്നാൽ കായ്ത്തലയില്ലെന്നു മാത്രം. ഈ വാക്കുകൾ കേൾക്കാൻ ചെവികൾക്കു നല്ല കുളിർമ്മ തോന്നാറുണ്ടു. "ഗവൺമെൻറിനു സാധുക്കളോടു അനുകമ്പ ഉണ്ടു. അവർക്കു വേണ്ടി ഗവൺമെൻറു പ്രവർത്തിക്കുന്നുണ്ടു." എന്നു മാറുള്ള ആളുകൾ ഗവൺമെൻറിനെ പറഞ്ഞു കേൾക്കുവാനുള്ള കൊതി ഗവൺമെൻറിനു ഉള്ളതായി എനിക്കും അറിയാം. അധഃകൃതർക്കു ഇക്കൊല്ലം ഗവൺമെൻറു് എന്തെല്ലാം ചെയ്തുകൊടുപ്പാൻ വിചാരിക്കുന്നുണ്ടെന്നു അറിയാനുള്ള ഉൽക്കണ്ഠയോടു കൂടി ഞാൻ ആയവ്യയക്കണക്കിനെ നല്ലപോലെ പരിശോധിച്ചു നോക്കി. ഒടുവിൽ വളരെ ഇച്ഛാഭംഗത്തോടുകൂടി പുസ്തകം മടക്കേണ്ടതായി വന്നു എന്നതിനെ ഇവിടെ പറയാൻ ഞാൻ അശേഷം മടിക്കുന്നില്ല. എന്റെ സഹോദര മെമ്പർ മിസ്റ്റർ കെ. അയ്യപ്പൻ പറഞ്ഞതുപോലെ വിദ്യാഭ്യാസ ഡിപ്പാർട്ടുമെണ്ടിൽ ഇതേവരെയായി ചേർത്തുവന്നിട്ടുള്ള തുക കൂടി ഒരു പ്രത്യേക വകുപ്പായി കൂട്ടിച്ചേർത്തിട്ടും അധഃകൃതർക്കായി 88,000 രൂപായെ ആയിട്ടുള്ളൂ. തരിശു ഭൂമികളും മലകളിൽ നിന്നു ഒഴിവാക്കിയ പുറമ്പോക്കുകളും പുതുതായി പതിച്ചുകൊടുക്കുന്നതിനുള്ള മറ്റു സ്ഥലങ്ങളും എല്ലാം പതിച്ചുകൊടുക്കുന്ന കായ്ത്തലിൽ ഗവൺമെണ്ടു് ഈ അധഃകൃതരോടു് എത്രമേൽ അനുകമ്പ കാണിച്ചിട്ടുണ്ടെന്നു് ഞാൻ പറയാം.

എ. കെ. വെങ്കു അയ്യർ.—അതു് ബഡ്ജറ്റിൽ കാണിക്കുകയില്ല.

മിസ്റ്റർ എം. കെ. രാമൻ.—ബഡ്ജറ്റിനെപ്പറ്റി നിരൂപണം ചെയ്യുന്ന അവസരത്തിൽ ഗവൺമെണ്ടിന്റെ പ്രവർത്തനയിൽ കണ്ടുവരുന്ന നയത്തെപ്പറ്റിയും സംസാരിക്കുന്നതിനു് അർഹതയുണ്ടെന്നാണു് ഞാൻ വിചാരിക്കുന്നതു്.

മിസ്റ്റർ എ. കെ. വെങ്കു അയ്യർ.—ബഡ്ജറ്റിൽ കാണിക്കുകയില്ലെന്നു മാത്രമെ പറഞ്ഞുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എം. കെ. രാമൻ.—ഈ അടുത്ത കാലത്തു് തലപ്പിള്ള താലൂക്കിൽ ൪൦൦ ഏക്കറിൽ കൂടുതൽ സ്ഥലം കാടു് ഒഴിവാക്കിയ പുതുവൽ എല്ലാം ഒരു ആളിനു് മാത്രം അതായതു് ഒരു വലിയ ജന്മി കുടുംബത്തിനു് മാത്രമായി പതിച്ചു കൊടുക്കുന്നതിനു് ഏർപ്പാടു് ചെയ്തതായി എനിക്കു് അറിവുകിട്ടിയിട്ടുണ്ടു്. തലപ്പിള്ളി താലൂക്കിലെപ്പോലെ അധഃകൃതരുടെ ഇടയിൽ അത്ര വളരെ ദാരിദ്ര്യം ബാധിച്ചിട്ടുള്ള താലൂക്കു് ഇവിടെ വേറെ ഇല്ല. ഇത്ര ദാരിദ്ര്യമുള്ള താലൂക്കു് വേറെഇല്ലെന്നു എനിക്കു നേരിട്ടറിവുണ്ടു്. ഇത്തവണ തിരഞ്ഞെടുപ്പിൽ വോട്ടിന്റെ കാര്യത്തിനായി ഓരോവീടുകൾതോറും തെണ്ടിനടന്ന അവസരത്തിൽ എനിക്കു് ഈ ദയനീയവസ്ഥയെപ്പറ്റി ഗ്രഹിക്കാൻ നല്ല വണ്ണംസാധിച്ചു. അധഃകൃതരുടെ ഏറ്റവും വിപുലമായിരിക്കുന്ന ജനക്കൂട്ടം, ഏറ്റവും ദാരിദ്ര൪ നിറഞ്ഞ ഒരു താലൂക്കു് കൊച്ചിരാജ്യത്തു വേറെഇല്ല. അങ്ങിനെയുള്ള ഒരു താലൂക്കിൽ ഒരു വലിയ ജന്മിക്കു്—ഏറ്റവും പ്രതാപത്തോടുകൂടി കഴിഞ്ഞുവരുന്ന ഒരു കുടുംബത്തിനുതന്നെ മേല്പറഞ്ഞ ൪൦൦-ൽപരം ഏക്കർ സ്ഥലവും ഒന്നായിപതിച്ചുകൊടുക്കുന്നതിനു് ഗവർമ്മെണ്ടു ഉത്സാഹിച്ചുവരുന്നതു ഏറ്റവും ക്ഷന്തവ്യമല്ലാത്ത ഒരു സംഗതിയാണെന്നു എനിക്കു സാമാജികന്മാരേയും ഗവർമ്മെണ്ടിനേയും ഉൽബോധിപ്പിക്കേണ്ടിയിരിക്കുന്നു. ഈ സ്ഥലം താമസിക്കാനും വേലചെയ്വാനും ഭൂമിയില്ലാത്ത സാധുക്കൾക്കു് അരഏക്കർ വീതമൊ ഒരേക്കർ വീതമൊ പതിച്ചുകൊടുക്കുന്നുവെങ്കിൽ ആയിരത്തിൽപരം കുടുംബങ്ങൾക്കു് ഉപജീവനമാർഗ്ഗമാകുമായിരുന്നു. അവരുടെ പ്രയത്നഫലമായി അടുത്തകൊല്ലങ്ങളിൽ ഗവർമ്മെണ്ടിനു നല്ല ഒരു സംഖ്യ കിട്ടാനിടയാകുന്നതുമാണു്. അതിനുപകരം ജന്മികൾക്കുതന്നെ ഇനിയും വലുതായസ്ഥലങ്ങൾ ഒന്നായി പതിച്ചുകൊടുത്തുവരുന്നതു ഒട്ടും ക്ഷന്തവ്യമല്ല. സാധുക്കളോടു അനുകമ്പ ഉണ്ടു്, അവരുടെ ഉന്നമനത്തിൽ അനുകൂലം ഉണ്ടു്, എന്നു പറയുന്ന ഗവമ്മേണ്ടു് വെറും വഞ്ചന അല്ലേ അവരോടു പ്രവർത്തിക്കുന്നതെന്നു് സംശയിക്കേണ്ടിയിരിക്കുന്നു. ഗവമ്മെണ്ടു വിചാരിച്ചാൽ യഥാർത്ഥത്തിൽ വലുതായ ഗുണങ്ങൾ ഈ സാധുക്കൾക്കു ചെയ്തുകൊടുക്കുവാൻ കഴിയും. ആ സാധുക്കൾക്കു് വലുതായഗുണങ്ങൾചെയ്തുകൊടുത്താൽ വാസ്തവത്തിൽ കൊച്ചിരാജ്യത്തിനും ഗവമ്മെണ്ടിനുതന്നെയും ഗുണം ഉണ്ടാകും. എത്ര ആയിരം ഏക്കർ കണക്കിനുള്ള സ്ഥലങ്ങൾ പതിച്ചുകൊടുക്കുവാൻ ഈ രാജ്യത്തു കിടപ്പുണ്ടു്. അങ്ങിനെയുള്ള സ്ഥലങ്ങളെല്ലാം സാധുക്കൾക്കു കൊടുക്കുകയാണെങ്കിൽ നിശ്ചയമായും നമ്മുടെ രാജ്യംവളരെ അഭിവൃദ്ധിപ്രാപിക്കും. നമ്മുടെ രാജ്യത്തെ, പ്രകൃതിതന്നെ വളരെ അനുഗ്രഹിച്ചിരിക്കുന്നു. ആ വക സ്ഥലം ഈ സാധുക്കൾക്കു പതിച്ചുകൊടുത്താൽ പ്രകൃതി മനോഹരമായിരിക്കുന്ന മലയാ

LIBRARY ARCHIVES Kerala Legislative Assembly

ളക്കര എത്രമാത്രം മനോഹരമായിതീരുന്നതാണു്! ഈ ചെറിയ സംസ്ഥാനത്തു ഉണ്ടാകുന്ന നെല്ലു് ഇവിടത്തെ ജനങ്ങൾക്കു് 8 മാസം കഷ്ടിച്ചുകഴിക്കാൻ മാത്രമെ തികയുന്നുള്ളുവെന്നു ഒരു മാനു്യൻ പറയുകയുണ്ടായി. ഈ രാജ്യത്തു് കൃഷിക്കു യോഗ്യങ്ങളായ ഭൂമികൾ മുഴുവൻ, കൃഷിപ്പണികൾക്കായി എപ്പോഴും കൂലികൊട്ടിയിരിക്കുന്ന സാധു ജനങ്ങൾക്കു് ഭാഗിച്ചുകൊടുത്തു് അവരെക്കൊണ്ടു് കൃഷിചെയ്യിക്കണം. അതിന്റെ വിലയുടെ ഒരുഭാഗംമാത്രം ഈടാക്കിയാൽ മതിയെന്നുവയ്ക്കണം. വലിയ വലിയ വിലക്കുകൊടുക്കുവാൻ ഗവൎമ്മെണ്ടിനു് സാധിക്കുകയില്ലെന്നേയുള്ളു. അവൎക്കു് പതിച്ചുകൊടുത്താൽ അവർ നന്നാകും. ഗവൎമ്മെണ്ടിനു് ആദായം ഉണ്ടാകും. രാജ്യം അഭിവൃദ്ധിപ്രാപിക്കുകയും ചെയ്യും. അവൎക്കു് തക്കസ്ഥലങ്ങൾ പതിച്ചുകൊടുക്കുക. വിലയും കിട്ടാൻ നിവൃത്തിയില്ലാത്തിടത്തു് വിലയുംകൂടി ഉപേക്ഷിച്ചും സാധുക്കൾക്കു് പതിച്ചുകൊടുക്കണം. അങ്ങനെ ചെയ്യുന്നതാണു് ഗവൎമ്മെണ്ടിന്റെ ധൎമ്മം. അതു് അവൎക്കു് വലിയ അനുഗ്രഹവുമായിരിക്കും. അതായിരിക്കണം ഗവൎമ്മെണ്ടിനു് അവരോടുണ്ടെന്നുപറയുന്ന അനുകമ്പയുടെ സാക്ഷാൽ പ്രവൃത്തി. അല്ലാതെ ചാലക്കുടിയിൽ പുലയകോളനി സ്ഥാപിച്ചതുകൊണ്ടൊന്നും അവരെ ഉയൎത്തുവാനൊ, അവരോടു് അനുകമ്പ ഉണ്ടെന്നു് ഭാവത്തിനു് അൎത്ഥം കല്പിക്കുവാനൊ സാധിക്കുകയില്ല.

ഗവൎമ്മെണ്ടിനു് നൂറു ലക്ഷം രൂപായോളം കെട്ടിയിരിപ്പുണ്ടു്. ഇതു് എവിടെനിന്നും കിട്ടി? ജനങ്ങളിൽനിന്നും ഇതു അധികം ധനം പിരിച്ചു വല്ലവൎക്കും കൊടുത്തു് പലിശ ഉണ്ടാക്കീട്ടു് എന്തു പ്രയോജനം? ജനങ്ങളിൽനിന്നും പിരിച്ചുണ്ടാക്കുന്നപണം അവരുടെ ന്യായമായ ആവശ്യങ്ങൾക്കുപോലും ചിലവാക്കാതെ അവയെ നിക്ഷേപിക്കുന്നതിനു് കൂടുതൽപലിശയും ഉറപ്പും ഉള്ള ബാങ്കുകൾ തേടിനടക്കുന്നതിന്റെ അനൌചിത്യം എത്രമാത്രമാണെന്നു് ഗവൎമ്മെണ്ടു് വിസ്മരിച്ചുകളയുന്നു. ഇത്രവലിയസംഖ്യ ആണ്ടുതോറും മിച്ചംവയ്ക്കുന്ന ഈരാജ്യത്തിൽ ജനങ്ങൾ ദാരിദ്ര്യംകൊണ്ടു് പട്ടിണികിടന്നുവലയുന്നു. കുടിക്കാൻ വെള്ളം ഇല്ല; കിടക്കാൻ വീടു ഇല്ല; കഴിക്കാൻ ഭക്ഷണവും ഇല്ല; നാട്ടിൽകൂടി സഞ്ചരിക്കാൻ വഴിയും ഇല്ല. ഇങ്ങിനെ പലവിധത്തിലും കഷ്ടപ്പെടുന്ന ഈ ലക്ഷത്തിൽ ചിലപാനം ജനങ്ങളെ പട്ടിണിയിട്ടുംകൊണ്ടു് നൂറു ലക്ഷം രൂപാ കെട്ടിവച്ചുകൊണ്ടിരിക്കുന്നതിൽ ഗവൎമ്മെണ്ടിനു് എന്തുസുഖമാണുള്ളതെന്നു് ഞാൻ ചോദിക്കുന്നു. രാജ്യത്തിലെ വലിയ ഒരു ജനവിഭാഗത്തെ യാതൊരു തൊഴിലുമില്ലാതെ, ഉപജീവനത്തിനു യാതൊരു മാൎഗ്ഗവുമില്ലാതെ, വിടുന്നതു് ഗവൎമ്മെണ്ടിനു തന്നെ ആപൽക്കരമായ ഒരു നയം ആണു്. പ്രവൃത്തിചെയ്തു് ഉപജീവനം കഴിപ്പാൻ തരം കൊടുക്കാതെ വിടുന്നതുകൊണ്ടു് അവരുടെ സന്മാൎഗ്ഗത്തെയു ഗവൎമ്മെണ്ടു് ദുഷിപ്പിക്കുകയാണു് ചെയ്യുന

LIBRARY ARCHIVES Kerala Legislative Assembly

തു്. ഉപജീവനത്തിനു തൊഴിലില്ലാതിരിക്കുന്ന ഒരു വലിയകൂട്ടം ജനങ്ങൾ ഉണ്ടായിരിക്കുന്നതു് ഭയജനകമായിരിക്കും. ഭൂമികൾ അവക്കായി വീതിച്ചുകൊടുക്കുക. രാജ്യത്തു അഭിവൃദ്ധിഉണ്ടാകും. അവക്കു് കൃഷിചെയ്തു ഉപജീവനം കഴിക്കാൻ മാത്രം കഴിയുന്നതുംവേഗം ഉണ്ടാക്കികൊടുക്കുക. അതിനു് ഒരുവിഷമവുംഇല്ല. ഒരു ചിലവുംഇല്ല. ഈ സാധുക്കൾക്കു് സ്ഥലംപതിച്ചുകൊടുത്തു് അവരെക്കൊണ്ടുതന്നെ കൃഷിചെയ്യിപ്പിക്കുക. ആദായം ഗവർമ്മെണ്ടിനുതന്നെ എടുക്കാം. അതിൽ ഒരോഹരി അവരുടെ പ്രയത്നഫലമായിഅവക്കു ലഭിക്കും. സ്ഥലത്തിനു് വിലവേണമെങ്കിൽ അതും ക്രമേണ അവരിൽനിന്നു വസൂലാക്കാം. അങ്ങിനെ ആയാൽ ഇപ്പോഴുള്ളതിനേക്കാൾ എത്രയോസമൃദ്ധമായ നിലയിൽ ഈ രാജ്യത്തെകൊണ്ടുവരുവാൻ സാധിക്കും! അതിനു ഗവർമ്മെണ്ടിനു് നല്ല മനസ്സുണ്ടായിരുന്നാൽ മാത്രംമതി.

ഞാൻ ആദ്യംതന്നെപറഞ്ഞതുപോലെ ഇവിടെ ഇന്നുപ്രസംഗിക്കാൻവേണ്ട സാമഗ്രികൾ ശേഖരിക്കാൻ എനിക്കു സൌകര്യം വന്നില്ല. അതുകൊണ്ടുഎന്റെ പ്രസംഗത്തിൽഅപാകതകൾ അവർക്കും ഗവർമ്മെണ്ടു ഭാഗത്തെയും തറക്കുന്നവല്ലവാഗ്ദോരണികളും ഉണ്ടായിട്ടുണ്ടെങ്കിൽ അതും, അവയും മൂച്ചുകുറെ കൂടുതലായി വന്നുപോയിട്ടുണ്ടെങ്കിൽ കാലെക്കൂട്ടിയുള്ള ഒരുക്കം ഇല്ലായ്കയാൽ സംഗതികളുടെ ഗൌരവത്തിൽ നിന്നുംഅങ്ങിനെ വന്നിട്ടുള്ളതല്ലാതെ വേറെതരത്തിൽ കരുതരുതെന്നു് പറഞ്ഞുംകൊണ്ടു് ഞാൻ വിരമിച്ചുകൊള്ളുന്നു.

President.—We will now rise.

The Council rose for the day at 5 p. m.

T. K. KRISHNA MENON,
Secretary to the Council.

LIBRARY ARCHIVES Kerala Legislative Assembly